(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി6/178/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
ഫോൺ – 0495-2371012
ഇ-മെയിൽ – dokkd.ksad@kerala.gov.in
തീയതി:26.02.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കോടഞ്ചേരി ഗ്രാമ പഞ്ചായത്ത്

സർ,
വിഷയം : കോടഞ്ചേരി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ ഖണ്ഡികയിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ്പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി6/178/2020 തീയതി 26.02.2020

**കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള**

**ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 31.03.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എം.വാസുദേവൻ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.01.2020 മുതൽ 31.01.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എം.മനോഹരൻ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീ.ജെ.ധീരജ് | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.എ.കെ.ഷൈന | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഇ.കെ.ഷാജി | ഓഡിറ്റർ ട്രെയിനി |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.അന്നക്കുട്ടി ദേവസ്യ | 01.04.18 മുതൽ<br>18.09.18 വരെ |

| | | |
|---|---|---|
| | ലിസി ചാക്കോ | 19.09.2018 മുതൽ<br>31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.മുഹമ്മദ് ലുക്മാൻ.എം.പി | 01.04.2018 മുതൽ<br>31.03.2019 വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി. സെക്രട്ടറി | ശ്രീ.വി.പി.ബാബു | 01.04.2018 മുതൽ<br>31.3.2019 വരെ |
| അസി.എഞ്ചിനീയർ | ശ്രീ.പ്രദീപ് കുമാർ.പി | 01.04.18 മുതൽ<br>31.3.2019 വരെ |
| വി ഇ ഒ, കോടഞ്ചേരി | ശ്രീ.സന്ദീപ്.കെ | 01.04.18 മുതൽ<br>31.03.19 വരെ |
| വി ഇ ഒ, നെല്ലിപ്പൊയിൽ | ശ്രീ.സുരേഷ്.കെ.പി | 01.04.18 മുതൽ<br>31.03.19 വരെ |
| ഹെഡ്മാസ്റ്റർ,<br>ജി.എൽ.പി.എസ്.<br>മുറമ്പാത്തി | ശ്രീ.ജോയ് അബ്രഹാം | 01.04.18 മുതൽ<br>31.03.19വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.ജമീല.പി. | 01.04.18 മുതൽ<br>31.03.19വരെ |
| മെഡിക്കൽ ഓഫീസർ-സി.എച്ച്.സി | ഡോ.കെ.കെ.അബ്ദുറഹിമാൻ | 01.04.18 മുതൽ<br>31.03.2019വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.സ്മിത.കെ.എസ് | 01.04.18 മുതൽ 31.03.19വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | ഡോ.ലൂസി | 01.04.18 മുതൽ 31.03.19വരെ |
| കൃഷി ഓഫീസർ | ശ്രീ.ഷബീർ അഹമ്മദ്.കെ.എ | 01.04.18 മുതൽ 31.03.19വരെ |
| വെറ്ററിനറി സർജൻ | ഡോ.എസ്.കാർത്തികേയൻ | 01.04.18 മുതൽ 31.03.19വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.റെജിമോൾ ജോർജ് | 01.04.18 മുതൽ 31.03.19വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | ഫണ്ട് വിനിയോഗം | 1-2 |
| 3 | പദ്ധതി അവലോകനം | 1-3 |
| 4 | ക്യാഷ് പരിശോധന | 1-4 |
| 5 | ആഭ്യന്തര നിയന്ത്രണം | 1-5 |
| 6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-6 |

| | | |
|---|---|---|
| 7 | വാർഷിക കണക്കിലെ അപാകതകൾ | 1-7 |
| 8 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകതകൾ | 1-8 |
| 9 | തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായവരെല്ലാം നികുതി പരിധിയിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞില്ല. | 1-9 |
| 10 | രശീതി പരിശോധന - അപാകതകൾ | 1-10 |
| 11 | പഞ്ചായത്ത് പരിധിയിലെ മുഴുവൻ കെട്ടിടങ്ങളും വസ്തു നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. | 1-11 |
| 12 | വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. | 1-12 |
| 13 | നെൽകൃഷി കൂലി ചെലവ്, സബ്സിഡി - അധികം തുക നൽകി | 1-13 |
| 14 | സ്യൂട്ട് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 1-14 |
| 15 | മൂന്നര വർഷം മുമ്പ് പഞ്ചായത്ത് എടുത്ത തീരുമാനം നടപ്പായില്ല. പഞ്ചായത്തിനെതിരെ വ്യവഹാരം നിലനിൽക്കുന്നു. | 1-15 |
| 16 | വയോജനങ്ങൾക്ക് പകൽ വീട് - ചെലവഴിക്കാത്ത വികസന ഫണ്ട് വിഹിതം സഞ്ചിതനിധിയിൽ തിരികെ ഒടുക്കിയില്ല. | 1-16 |
| 17 | ജല അതോറിറ്റിക്ക് വെള്ളക്കരമൊടുക്കൽ - കൃത്യത ഉറപ്പുവരുത്തുന്നില്ല | 1-17 |
| 18 | സംയുക്ത പ്രോജക്ടുകൾ - വിനിയോഗിക്കാത്ത തുക തിരിച്ചടച്ചില്ല. | 1-18 |
| 19 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം - ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ രേഖകളില്ല. | 1-19 |

| | | |
|---|---|---|
| 20 | കരാർ വയ്ക്കുന്നതിന് കാലതാമസം - കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല. | 1-20 |
| 21 | ക്ഷീര ഗ്രാമം പദ്ധതി നടത്തിപ്പ് - മാർഗ്ഗരേഖ പാലിച്ചില്ല. | 1-21 |
| 22 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം - പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകി. | 1-22 |
| 23 | മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കുന്നില്ല. | 1-23 |
| 24 | അമ്മായിക്കോട് സാംസ്കാരിക നിലയം അപകടകരമായ സ്ഥലത്ത് കെട്ടിടം നിർമ്മിച്ചു - പൂർത്തീകരണത്തിനായി നടത്തിയ പദ്ധതികൾ പാഴ് ചെലവ്. | 124 |
| 25 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതി നടത്തിപ്പിൽ ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്തിയിട്ടില്ല. | 1-25 |
| 26 | തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് നൽകി പ്രവൃത്തി നടത്തുന്നു. | 1-26 |
| 27 | കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച | 1-27 |
| 28 | പൊതു മരാമത്ത് പ്രവൃത്തികൾ നടത്തിപ്പിലെ അപാകതകൾ | 1-28 |
| 29 | കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല. | 1-29 |
| 30 | സാംസ്കാരിക നിലയങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ല. | 1-30 |
| 31 | പെൻഷൻ കോൺട്രിബ്യൂഷൻ കുടിശ്ശിക നാളിതുവരെ അടവാക്കിയില്ല. | 1-31 |
| 32 | എസ്.എസ്.എ വിഹിതം നൽകൽ - അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-32 |

| | | |
|---|---|---|
| 33 | മുട്ട ഗ്രാമം വനിത പദ്ധതി - മോണിറ്ററിംഗിലെ വീഴ്ച കാരണം ഫലപ്രാപ്തി കൈവരിച്ചില്ല. | 1-33 |
| 34 | ലൈഫ് മിഷൻ ഭവന പദ്ധതി: അവലോകനം | 1-34 |
| 35 | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം - ലക്ഷ്യങ്ങൾ നിറവേറ്റുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ പങ്ക് | 1-35 |
| | **ഭാഗം - 2** | 1-36 |
| | **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം - 3** | |
| | **ചെലവ് - വ്യക്തമായ നഷ്ടം പ്രദിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 36 | കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല. | 3-1 |
| 37 | കരാർ വെയ്ക്കുന്നതിന് കാലതാമസം - കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല. | 3-2 |
| 38 | നെൽകൃഷി കൂലി ചെലവ്, സബ്സിഡി - അധികം തുക നൽകി | 3-3 |
| | **ഭാഗം - 4**<br>**പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 39 | വാർഷിക ധനകാര്യപത്രിക പരിധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |

| | | |
|---|---|---|
| 40 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 41 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 42 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 43 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 44 | സ്ഥിര നിക്ഷപം | 4-6 |
| 45 | ഓഡിറ്റ് റിക്കവറി | 4-7 |
| 46 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 47 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 48 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 49 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 50 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം - 1 |


## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

# 1-1 ബജറ്റ്

19.03.2018 തീയതിയിലെ 1ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 16.02.2019 തീയതിയിലെ 1ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214 പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതായിരുന്നു.

(എ) സർക്കാർ അതതുസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന

പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15ന മുമ്പായി സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേററും നിർദ്ദേശങ്ങളും പരിഗണിച്ച് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിററികൾ തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററിക്ക് നൽകേണ്ടതുമാണ് [സെക്ഷൻ 214 (1)]. നിർവ്വഹണ ഉദ്യോഗസ്ഥർ സർപ്പിച്ച പ്രൊപ്പോസലുകളും ആയതിനെ അടിസ്ഥാനമാക്കി വിവിധ സ്റ്റാൻഡിംഗ് കമ്മിററികൾ തയ്യാറാക്കിയ ബജററ് നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്ന ബജററ് ഫയൽ പരിശോധനക്ക് ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ചട്ടപ്രകാരം ബജററ് തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ലെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

(ബി) എല്ലാ വർഷവും മാർച്ച് മാസത്തെ ആദ്യവാരത്തിന് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് ഭരണസമിതിയിൽ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ് [ സെക്ഷൻ 214 (1എ)]. എന്നാൽ 2018-19ലെ ബജററ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി ഭരണസമിതിയിൽ വെയ്ക്കുന്നത് 18.3.2018 ലാണ്.

(സി) 16.2.2019ലെ തീരുമാനം നം.1 പ്രകാരം 2018-19 ലെ പുതുക്കിയ ബജററ് ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ പുതുക്കിയ ബജററ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥത്തിലുള്ള വരവുചെലവുകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. സാമ്പത്തിക വർഷത്തിന്റെ അവസാന നാളുകളിൽ തയ്യാറാക്കുന്ന പുതുക്കിയ ബജററ് യഥാർത്ഥ വരവു ചെലവു കണക്കുകളുമായി ചേർന്നു നിൽക്കേണ്ടതാണ്.

അംഗീകരിക്കപ്പെട്ട ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും അപാകതകളില്ലാതെ തയ്യാറാക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഇത് തയ്യാറാക്കുന്ന ബജറ്റിൽ പ്രതിഫലിക്കേണ്ടതുമാണ്.

# 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 30139425 | 30139425 | 24266495 | 5872930 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 4868000 | 4868000 | 3409874 | 1458126 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 2228000 | 2228000 | 1535760 | 692240 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 19181000 | 19181000 | 16021639 | 3159361 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 6125000 | 6125000 | 6124185 | 815 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 12777000 | 12777000 | 12777000 | 0 |
| സാക്ഷരത | | 53133 | 1279 | 54412 | 0 | 54412 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 30433846 | 30433846 | 30433846 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 6854 | 1293226 | 1300080 | 1281367 | 18713 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ : എസ്.എസ്.എ. | | 3267 | 131 | 3398 | 0 | 3398 |
| സമ്പൂർണ്ണ ശുചിത്വം | | 611081 | 1836060 | 2447141 | 581512 | 1865629 |
| എം.പി.ഫണ്ട് | | 16374 | 580 | 16954 | 0 | 16954 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ : വിമുക്തി | | | 25000 | 25000 | 0 | 25000 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 264000 | 3176702 | 3440702 | 3056702 | 384000 |
| | ജില്ലാ പഞ്ചായത്ത് | 285000 | 2024181 | 2309181 | 1929416 | 379765 |

| | | | | | | |
|---|---|---|---|---|---|---|
| ബി ഫണ്ട് | | 0 | 29818760 | 29818760 | 29818760 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 1357381 | 14343918 | 15701299 | 15483276 | 218023 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 7822144 | 9340036 | 17162180 | 4015961 | 13146219 |
| | ട്രഷറി അക്കൗണ്ട് | 11954873 | 48673 | 12003546 | 0 | 12003546 |
| കോർപ്പസ് ഫണ്ട് | | 387507 | 1910333 | 2297840 | 2297840 | 0 |
| ഗുണഭോക്തൃ വിഹിതം | | 0 | 212500 | 212500 | 212500 | 0 |
| മറ്റിനം | | 38789 | 280000 | 318789 | 178789 | 140000 |

# 1-3 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 265 | 11,83,24,075 | 191 | 7,80,35,520 | 20 | 74 | 72 |

ഡി.പി.സി. അഗീകാരം ലഭിച്ച 265 പ്രൊജക്ടുകളിൽ 191 എണ്ണം ഓഡിററു വർഷം നടപ്പാക്കിയിട്ടുണ്ട്. 72 സ്പിൽ ഓവർ പ്രൊജക്ടുകളിൽ 14 എണ്ണം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ആകെ പദ്ധതി അടങ്കലായി 118,324,075/-രൂപ വകയിരുത്തിയതിൽ 78,035,520/-രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 4,543,216/-രൂപ തനതുഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്. വാർഷിക പദ്ധതി രൂപീകരിക്കുന്നതിന്റെ അടിസ്ഥാനരേഖയായ സ്റ്റാററസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനോ പദ്ധതി മോണിട്ടറിംഗ് നടത്തുന്നതിനോ വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവർത്തിച്ചിട്ടില്ല. പുതിയ സ്ഥിതിവിവര കണക്കുകൾ കൂടി കണക്കിലെടുത്ത് സ്റ്റാറ്റസ് റിപ്പോർട്ട് പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. വാർഷികപദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി രണ്ടോ മൂന്നോ യോഗങ്ങൾ ചേർന്നതല്ലാതെ മിക്ക വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതി നിർവ്വഹണ മോണിട്ടറിംഗ് നടത്തിയിട്ടില്ലെന്നത് പദ്ധതി നിർവ്വഹണത്തിലെ പോരായ്മയാണ്.

ഡി.പി.സി.അംഗീകാരം ലഭിച്ച 167 മരാമത്ത് പ്രൊജക്ടുകളിൽ 120 പ്രവൃത്തികളാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. പല ഫണ്ടുകളിൽ നിന്നായി പൊതുമരാമത്ത് പ്രോജക്ടുകൾക്ക് ആകെ 6,00,25,871/- രൂപ വകയിരുത്തിയതിൽ 37,972,991/- രൂപയാണ് 2018-19 വർഷത്തിൽ ചെലവഴിച്ചത്. അതായത് 63 ശതമാനം തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. മിനുട്സ് ബുക്ക് പരിശോധിച്ചതിൽ മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം വേണ്ടത്ര കാര്യക്ഷമമല്ലെന്ന് കാണുന്നു. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ അവലോകനം ചെയ്യുകയോ നിർവ്വഹണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തതായി കാണുന്നില്ല. ഇത് പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിച്ചിട്ടുണ്ട്. മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്നതായും അപ്രകാരം കാലതാമസം വരുത്തിയ കരാറുകാരിൽ നിന്നും ചട്ടപ്രകാരമുള്ള പിഴ ഈടാക്കാതെ ഫൈനൽ ബിൽ നൽകുന്നതായും ശ്രദ്ധയിൽപെട്ടിട്ടുണ്ട് (ഖണ്ഡിക 1-29കാണുക).

ഉൽപാദനമേഖലയിൽ ഒട്ടു മിക്ക പ്രൊജക്ടുകളും നടപ്പിലാക്കിയിട്ടുണ്ട്. കാർഷിക മേഖലയിൽ, വാർഷിക പദ്ധതി പ്രയോജനപ്പെടുത്തി ഹരിതമിഷൻ വിഭാവനം ചെയ്യുന്ന തരത്തിലുള്ള വിശാലമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉതകുന്ന കാർഷിക പ്രോജക്ടുകൾ പഞ്ചായത്തിൽ തയ്യാറാക്കിയതായി കാണുന്നില്ല. സാധാരണയായി തയ്യാറാക്കി നടപ്പാക്കി വരുന്ന വിത്ത്/തൈ/വളം സബ്സിഡി വിതരണ പ്രോജക്ടുകൾ അതേ രീതിയിൽ തന്നെ നടപ്പാക്കുകയാണ് ഈ വർഷവും ചെയ്തിട്ടുള്ളത് .

വെള്ളക്കരമിനത്തിൽ വൻതുക വർഷംതോറും ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയിൽ ഒടുക്കുന്നുണ്ടെങ്കിലും പ്രവർത്തനക്ഷമമായ വാട്ടർ ടാപ്പുകളെ അടിസ്ഥാനപ്പെടുത്തിയാണോ വാട്ടർ അതോറിറ്റി വെള്ളക്കരം ഈടാക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല (ഖണ്ഡിക 1-17 കാണുക).

വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്ന പദ്ധതിയിൽ, ഗ്രാമസഭ വഴി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ തന്നെയാണ് പ്രസ്തുത ആനുകൂല്യം കൈപ്പറ്റിയതെന്ന് ഉറപ്പാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല (ഖണ്ഡിക 1-19 കാണുക) പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്ന പദ്ധതിയിൽ, 2 വിദ്യാർത്ഥികൾക്ക് കോഴ്സ് പൂർത്തിയായശേഷമാണ് ലാപ്ടോപ്പ് നൽകിയിട്ടുള്ളത് എന്നത് പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയാണ് (ഖണ്ഡിക 1-22 കാണുക).

മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് പദ്ധതികൾ ആവിഷ്കരിക്കുന്നതിന് കാര്യമായ ശ്രമങ്ങൾ നടത്തിയിട്ടില്ല. മുറമ്പാത്തി സ്കൂളിൽ ബയോഗ്യാസ് പ്ലാന്റിനായി ആവിഷ്കരിച്ച പദ്ധതി നടപ്പാക്കുന്നതിനും സാധിച്ചിട്ടില്ല (ഖണ്ഡിക 1-23 കാണുക).

അപകടകരമായ സ്ഥലത്ത് കെട്ടിടം നിർമ്മിച്ചതിനാൽ അമ്മായിക്കോട് വനിതാ സാംസ്കാരിക നിലയത്തിനായി ചെലവഴിച്ച തുക പാഴ് ചെലവായി മാറുന്ന അവസ്ഥയിലാണ് (ഖണ്ഡിക 1-24 കാണുക).

ലൈഫ് മിഷൻ ഭവന പദ്ധതി പ്രകാരം അർഹരായ എഗ്രിമെന്റ് വെച്ച 30 ഗുണഭോക്താക്കളും 2018-19 ൽ ഭവന നിർമ്മാണം പൂർത്തീകരിച്ച പദ്ധതി ലക്ഷ്യം കൈവരിച്ചു എന്നത് അഭിനന്ദനാർഹമാണ്.

## 1-4 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.01.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 32,865/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-5 ആഭ്യന്തരനിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് വിലയിരുത്തുന്നു.

1. മാന്വൽ രശീതികളും സാംഖ്യ രശീതികളും കൈകാര്യം ചെയ്യുന്നതിൽ ഉത്തരവാദപ്പെട്ടവർ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല. ക്യാൻസൽ ചെയ്ത രശീതികളിൽ ക്യാൻസൽ ചെയ്യാനുണ്ടായ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താത്തതും, സാംഖ്യ രശീതികളുടെ കാര്യത്തിൽ ക്യാൻസൽഡ് റസീറ്റ് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതും, രശീതി ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്താത്തതും സ്ഥാപനത്തിലെ മേൽനോട്ട സംവിധാനത്തിന്റെ അഭാവം വ്യക്തമാക്കുന്നു.

2. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളൊഴികെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ടെയിഡേഴ്സിൽ നിന്നും മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് നിശ്ചിത മാതൃകയിലുള്ള റിട്ടേണിൽ അവരുടെ വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കിയല്ല. ഇത് നികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് കാരണമാകുന്നു.

3. ഗ്രാമപഞ്ചായത്തിലെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. കൂടാതെ വസ്തുനികുതി സംബന്ധിച്ച് 100% പിരിവ് ഉറപ്പുവരുത്തുന്നതിന് ഇടപെടലുകൾ നടത്തിയിട്ടുമുണ്ട്. എന്നാൽ തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് തുടങ്ങിയ വരവിനങ്ങളുടെ കാര്യത്തിൽ വേണ്ടത്ര വിലയിരുത്തലുകളോ ഇടപെടലുകളോ കമ്മിറ്റി നടത്തിയിട്ടില്ല. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.

4. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി അവലംബിച്ചു കാണുന്നു. വാങ്ങലുകൾ നടത്തുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്.

5. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരുമാന നഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്. തൊഴിൽ നികുതി, ഡി &ഒ ലൈസൻസ് എന്നീ ഇനങ്ങളിലെ നിലവിലുള്ള തനതു വരുമാനം കൃത്യമായി പിരിച്ചെടുക്കുന്നതിന് പഞ്ചായത്ത് ശ്രദ്ധചെലുത്തുന്നില്ല.

6. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്ഥാപന തലത്തിൽ ഏർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഫലപ്രദമായില്ല.

7. പഞ്ചായത്ത് കക്ഷിയായ കേസുകളെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്ന സ്യൂട്ട് രജിസ്റ്ററിൽ കൃത്യമായി വിവരങ്ങൾ ചേർക്കാത്തതിനാൽ കേസുകളുടെ സ്വഭാവം, നിലവിലെ അവസ്ഥ, കേസുകളുടെ എണ്ണം, അന്തിമ വിധി എന്നിവയെക്കുറിച്ചുള്ള വിവരങ്ങളൊന്നും ലഭ്യമല്ല എന്നത് കേസുകളുടെ തുടർനടപടികൾ കൃത്യമായി നിരീക്ഷിക്കുന്നതിന് തടസ്സമാകുന്നു.

8. ബില്ലുകൾ/ഇൻവോയിസുകൾ, രശീതികൾ, ക്ലെയിമുകൾക്കുള്ള മറ്റ് രേഖകൾ എന്നിവ വൗച്ചറിനൊപ്പം സൂക്ഷിച്ചിരിക്കുന്നത് മിക്ക വൗച്ചറുകളുടെയും കാര്യത്തിൽ ക്യാൻസൽ ചെയ്തിട്ടില്ല. തുക നല്കിയ ചെലവുകൾ വീണ്ടും നല്കാനുള്ള സാധ്യത ഇത് മൂലമുണ്ടാകാം.

9. ഫർണ്ണീച്ചർ ഉൾപ്പെടെയുള്ള ആസ്തികൾക്ക് കോഡ് നമ്പരുകൾ നല്കുകയോ ആസ്തികൾ വർഷാന്ത്യത്തിലെങ്കിലും ഫിസിക്കൽ വെരിഫിക്കേഷൻ നടത്തുകയോ ചെയ്യുന്നില്ല. കൂടാതെ വർഷാവർഷം വാങ്ങുന്ന ജംഗമ ആസ്തികളുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നുമില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) തൊഴിൽ നികുതി, മാലിന്യ സംസ്കരണം, ഡി&ഒ ലൈസൻസ് തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയിൽപ്പെടുന്ന മേഖലകളിലെ നിയമ ലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഓഫീസ് ഉത്തരവ് മുഖേന ഫീൽഡ് സ്ററാഫിനെ ഏല്പിക്കേണ്ടതും, റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് സ്വീകരിക്കാവുന്നതുമാണ്.

ഡി) ക്രമനം 1,2,3,7 എന്നിവയിൽ പരാമർശിച്ച അപാകതകൾ ഈ റിപ്പോർട്ട് കിട്ടിയയുടൻ പരിഹരിക്കേണ്ടതാണ്.

ഇ)വർക്കിംഗ് ഗ്രൂപ്പുകൾ അവയിൽ നിക്ഷിപ്തമായ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

എഫ്) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

ജി) ജീവനക്കാർക്ക് കൃത്യമായ ജോലിവിഭജനം നൽകി ചുമതലകൾ ഏൽപിക്കുന്നതിനും, മേൽനോട്ട സംവിധാനം ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കിയതു സംബന്ധിച്ച റിപ്പോർട്ടും, അതുമൂലം അതാതു മേഖലകളിലുണ്ടായ മാറ്റങ്ങളുടെ വിവരവും ലഭ്യമാക്കി പരാമർശം ഒഴിവാക്കാവുന്നതാണ്.

# 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.12.2018 | ഡിസംബർ 2018 | 7.02.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.08.2017 മുതൽ 31.08.2017 | 2012-13 മുതൽ 2016-17 വരെ | 10.10.2017 |

# 1-7 വാർഷികകണക്കുകളിലെ അപാകതകൾ

2018-19 ലെ സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. എം.എൻ.ആർ.ഇ.ജി.എസ് ഇനത്തിലുള്ള തൻവർഷത്തെ മൊത്തം വരവ് 3,17,15,213/- രൂപയാണ്. എന്നാൽ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ ഐ-6 ഷെഡ്യൂളിൽ ഈ ഇനത്തിൽ 1281367/- രൂപ മാത്രമേ വരവ് കാണിച്ചിട്ടുള്ളൂ.
2. കോടഞ്ചേരി സർവ്വീസ് സഹകരണ ബാങ്കിന്റെ കോടഞ്ചേരി ശാഖയിലുള്ള എസ്.എസ്.എ അക്കൗണ്ട് നമ്പർ 8795 ൽ 31.3.2019 ന് 3398/- രൂപ നീക്കിയിരിപ്പുണ്ട്. ഈ അക്കൗണ്ടിൽ അവസാനമായി ഇടപാട് നടന്നത് 6.9.2010 ൽ ആണ്. 9 വർഷമായി ഇടപാടുകൾ ഇല്ലാത്ത ഈ അക്കൗണ്ട് ക്ലോസ് ചെയ്ത് നീക്കിയിരിപ്പ് തുക സജീവമായ മറ്റൊരു അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്.
3. ജനറൽ പർപ്പസ് ഫണ്ടിന്റെ കാര്യത്തിൽ വരവായി രേഖപ്പെടുത്തിയ തുകയുടെ വിവരം ചുവടെ

ചേർക്കുന്നു.

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ ഐ-6 പ്രകാരം – 1,43,54,949/-

റസീപ്റ്റ് ആന്റ് പേയ്മെന്റ് ആർപി-7പ്രകാരം – 1,43,43,918/-

എ.സി.ആർ. പ്രകാരം - 45,45,416/-

മേൽ വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

4. താഴെ പറയുന്ന വരവുകളുടെ കാര്യത്തിൽ തൻവർഷത്തെ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകകളുടെ വിവരം ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 (sundry debtors-receivables) ൽ കാണിച്ചിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം | ഐ & ഇ പ്രകാരമുള്ള ഡിമാന്റ് തുക | ആർ & പി പ്രകാരമുള്ള കലക്ഷൻ തുക | കുടിശ്ശിക തുക |
|---|---|---|---|---|
| 1 | Profession tax(emp) | 1463530 | 1446530 | 17000 |
| 2 | Property tax(resi) | 1904258 | 1861674 | 42584 |
| 3 | Property tax(non-resi) | 2691034 | 2655633 | 35401 |
| 4 | Rent from buildings | 315404 | 268154 | 47250 |

മേൽ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

5. ആർ.പി.40(b) പ്രകാരം എസ്.ബി.ടി ഇ-റസീപ്റ്റ് അക്കൗണ്ടിൽ 31.3.2019 ന് 1,56,724/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഇതേ തീയതിയിലെ ബാങ്ക് സ്റ്റേറ്റമെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുക 1,49,041/- രൂപയാണ്. മേൽ വ്യത്യാസം പൊരുത്തപ്പെടുത്തുകയോ വ്യത്യാസത്തിന് കാരണം വിശദീകരിക്കുകയോ ചെയ്തിട്ടില്ല.

6. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-5 പ്രകാരം secured loans - loan from KURDFC ഇനത്തിൽ 23,70,167/- രൂപ തിരിച്ചടയ്ക്കാനുണ്ട്. ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തി ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

7. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-12 പ്രകാരം 6,35,910/- രൂപയുടെ സ്ഥിരനിക്ഷേപം ഉണ്ട്. ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തി ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

8. വിവിധ വരവിനങ്ങളിലായി പഞ്ചായത്തിനു പിരിഞ്ഞു കിട്ടാൻ അവശേഷിക്കുന്ന തുകകളിൽ ലഭ്യത സംശയാസ്പദമായവയ്ക്ക് അക്കൗണ്ട്സ് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന പ്രകാരമുള്ള

പ്രൊവിഷൻ നൽകിയിട്ടില്ല.

9. പഞ്ചായത്ത് നൽകിയിട്ടുള്ള മൂന്ന് മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്ത കാലാവധി കഴിഞ്ഞ താഴെ പറയുന്ന ചെക്കുകൾ 'liability in respect of stale cheque' എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

| ക്രമ നം | ചെക്ക് നമ്പർ | തീയതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 129370 | 27.6.17 | 2520 | തനത് ഫണ്ട് A/c 1172 |
| 2 | 10684 | 1.6.18 | 1058 | തനത് ഫണ്ട് A/c 1172 |
| 3 | 11046 | 19.6.18 | 3696 | തനത് ഫണ്ട് A/c 1172 |
| 4 | 129588 | 11.8.17 | 850 | തനത് ഫണ്ട് A/c 1172 |

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 1-8 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകതകൾ

1)മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് ഫീസ് ഈടാക്കുന്നില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II-ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. 2018-19 സാമ്പത്തിക വർഷത്തിൽ 525 അപേക്ഷകരിൽ നിന്നായി 1,40,560/- രൂപ ലൈസൻസ് ഫീസ് ഇനത്തിൽ

പിരിച്ചെടുത്തിട്ടുണ്ടെങ്കിലും, ഏത് മാനദണ്ഡപ്രകാരമാണ് ഫീസ് ഈടാക്കിയത് എന്ന് വ്യക്തമല്ല. അപേക്ഷയിലോ അനുബന്ധരേഖകളിലോ പരിശോധന റിപ്പോർട്ടിലോ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല.

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 232 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തു വകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസൃതമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ (സഞ്ചയ പ്രകാരം)താഴെ ചേർക്കുന്നു

| | |
|---|---|
| 100 ച മി വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾ | 1818 |
| 100 ച മി ക്ക് മുകളിൽ വിസ്തൃതിയുള്ളത് | 108 |
| 200 ച മി ക്ക് മുകളിൽ വിസ്തൃതിയുള്ളവ | 2 |
| വ്യവസായിക ആവശ്യത്തിനുള്ളത് | 149 |
| ഇതര വ്യവസായത്തിനുള്ളത് | 31 |
| ആകെ | **2108** |

പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 2108 കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2018-19 സാമ്പത്തിക വർഷത്തിൽ 525പേർ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി കെട്ടിടങ്ങൾ ഉപയോഗിക്കുന്നുണ്ട് എന്ന് മേൽ വിവരങ്ങളിൽ നിന്നും സംശയിക്കേണ്ടിയിരിക്കുന്നു. ഇക്കാര്യം പഞ്ചായത്ത് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്നു എന്നതിലുപരി ജനങ്ങളുടെ ജീവനും സ്വത്തിനും, ആരോഗ്യത്തിനും ഹാനികരമാകും വിധം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും ഒഴിവാക്കുന്നതിനും പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തത് പോരായ്മയായി വിലയിരുത്തുന്നു. ധനകാര്യ സ്റ്റാന്റിങ് കമ്മറ്റി ഇക്കാര്യം അടിയന്തിരമായി പരിശോധിച്ച്, പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്ന് ഉറപ്പ് വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**2)മുഴുവൻ ട്രേഡേഴ്സിനേയും ഉൾപ്പെടുത്തി ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല**

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ അടങ്ങിയ വാർഡ് തിരിച്ചുള്ള ഒരു ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്തിൽ നിലനിന്നു പോരുന്നത്.

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം ഫാക്ടറികൾക്കും

കച്ചവട സ്ഥാപനങ്ങൾക്കും സംരംഭങ്ങൾക്കും മറ്റു സേവനങ്ങൾക്കും ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നല്കുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസത്തിനുള്ളിൽ ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പ് ലൈസൻസിന് അപേക്ഷിക്കേണ്ടതുമുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

അപേക്ഷയിൽ, അപേക്ഷ നല്കുന്ന തീയതി, ലൈസൻസ് എന്താവശ്യത്തിനാണ് എന്നത്, തുടങ്ങുവാനുദ്ദേശിക്കുന്ന സ്ഥാപനത്തിന് പ്രത്യേക പേര് ഉണ്ടെങ്കിൽ അത്, കെട്ടിട നമ്പർ, ലൈസൻസ് പുതുക്കുവാനാണെങ്കിൽ മുൻ വർഷത്തെ ലൈസൻസ് നമ്പരും പേരും, കൂടാതെ ഒരു ദിവസത്തെ വിറ്റുവരവും, യന്ത്രമുപയോഗിച്ചാണെങ്കിൽ കുതിരശക്തിയുടെ അളവ്, സ്ഥാപനത്തിന്റെ പേര്എന്നിവ രേഖപ്പെടുത്തി എന്നും, മലിനീകരണ നിയന്ത്രണ ബോർഡോ വ്യവസായ വകുപ്പോ നൽകുന്ന സാക്ഷ്യപത്രം/ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്. ജി.ഒ (ആർ.ടി)795/2007/ത.സ്വ.ഭ.വ (16.03.2007) പ്രകാരമുള്ള പ്ലാസ്റ്റിക് നിരോധന-സ്ഥല നാമ സാക്ഷ്യപത്രം ചേർക്കേണ്ടതുമാണ്. ഓഡിറ്റ് പരിശോധിച്ച ലൈസൻസ് അപേക്ഷകളിലൊന്നും തന്നെ മേൽ പരാമർശിച്ച പ്രകാരമുള്ള സാക്ഷ്യ പത്രങ്ങളൊന്നും ഉൾപ്പെടുത്തിയതായി കാണുന്നില്ല എന്നു മാത്രമല്ല ഇവയൊന്നുമില്ലാതെ തന്നെ അപേക്ഷിച്ച എല്ലാവർക്കും ലൈസൻസ് അനുവദിച്ചിട്ടുമുണ്ട്.

3)സ്ഥല പരിശോധന നടത്തി തയ്യാറാക്കിയ അന്വേഷണ റിപ്പോർട്ട് പൂർണ്ണമല്ല

ലൈസൻസ് പുതുക്കി നല്കുമ്പോൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സ്ഥല പരിശോധന നടത്തേണ്ടതും അന്വേഷണ റിപ്പോർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സ്ഥല പരിശോധന നടത്തി ലൈസൻസ് പുതുക്കി കൊടുക്കുമ്പോൾ വിറ്റുവരവ് വർദ്ധിച്ചിട്ടുണ്ടോ എന്നും അനധികൃതമായി ഒന്നും വില്പന നടത്തുന്നില്ല എന്നും, അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണെന്നും ഉറപ്പുവരുത്താൻ സാധിക്കുന്നു. മാത്രമല്ല പഞ്ചായത്തിന്റെ ഇടപെടൽ ഈ രംഗത്ത് ഉണ്ടെന്ന് ഉറപ്പു വരുത്താനും ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനും സാധിക്കുന്നു.നിലവിൽ ഇപ്രകാരമുള്ള നടപടികളിൽ വീഴ്ചയുണ്ടാകുന്നതായി പഞ്ചായത്ത് ഫീൽഡ് സ്റ്റാഫ് നടത്തിയ സ്ഥല പരിശോധന റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു. സ്ഥാപനം സന്ദർശിച്ചുവെന്നും ലൈസൻസ് ഫീസായി ഇത്ര രൂപ ഈടാക്കാമെന്നും ലൈസൻസ് അനുവദിക്കാമെന്നും മാത്രമാണ് അന്വേഷണ റിപ്പോർട്ടായി ഉള്ളത്.

4)രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കാര്യക്ഷമമല്ല

ലൈസൻസ് രജിസ്റ്ററിൽ വാങ്ങിയിട്ടുള്ള ഫീസിന്റെ വിവരങ്ങൾ, മോട്ടോർ റണ്ണിംങ് ഫീ, ബിലേറ്റഡ് ഫീ, തൊഴിൽ നികുതി എന്നിവ വ്യക്തമായി ചേർക്കുകയും ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

5) ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല.

2018-19 വർഷത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, 525 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ

പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2018 ഫെബ്രുവരി മാസത്തിലോ മാർച്ച് മാസത്തിലോ തന്നെ നൽകേണ്ടതായിരുന്നു. എന്നാൽ ഇവയിൽ 18 എണ്ണം മാത്രമാണ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരിയിലും മാർച്ചിലുമായി നൽകിയത്. ബാക്കി സ്ഥാപനങ്ങൾ 2018 ഏപ്രിൽ മുതൽ 2019 മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. സാമ്പത്തിക വർഷം അവസാനിച്ച് പിന്നീട് ലൈസൻസ് പുതുക്കുന്നത് വരെ ഇത്തരം സ്ഥാപനങ്ങൾ നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പേര് | വ്യാപാരം | വാർഡ്/കെട്ടിട നം | ലൈസൻസ് ലഭിച്ച തീയതി |
|---|---|---|---|---|
| 1 | സെക്രട്ടറി, ക്ഷീരോൽപാദക സഹകരണ സംഘം | പാൽ സംഭരണം, വിപണനം | 13/356 | 17/4/2018 |
| 2 | മാത്യൂ സ്കറിയ | തുണിഷോപ്പ് | 17/356 ബി,സി,ഡി | 21/4/2018 |
| 3 | പി.എം.ഹംസ, | സ്ഫോടക വസ്തു സംഭരണം | 14/524 എ,ബി | 21/5/2018 |
| 4 | ലീലാമ്മ സ്കറിയ | റസ്റ്റോറന്റ്/ലോഡ്ജ് | 10/760, 760എ | 4/6/2018 |
| 5 | മുഹമ്മദ് അബ്ബാസ് | സ്റ്റേഷനറി | 10/587, 588 | 23/7/2018 |
| 6 | പയസ്സ്കുട്ടി ജോർജ്ജ് | മാതാ കോഴിഫാം | 13/499എ | 14-9-2018 |
| 7 | അലക്സ് തോമസ് | ഫുട് വെയർ ആന്റ് ഫാൻസി | 20/161ബി | 4-10-2018 |

| | | | | |
|---|---|---|---|---|
| 8 | സലിം സഖറിയാസ് | സിമന്റ് സ്റ്റോക്ക് | 18/249 | 21-11-2018 |
| 9 | ചാക്കോ | കോഴിഫാം | 8/65എ | 10/12/2018 |
| 10 | അമൽ ജോസ് | ഡെന്റൽ ക്ലിനിക് | 17/356 P,Q,R | 6/2/19 |
| 11 | ബൈജു.ടി.പി | ഈർച്ചമിൽ | 16/250എ, 252 | 14/3/19 |
| 12 | സെന്റ് ആന്റണീസ് സോമിൽ | തടിമില്ല് | 10/516 | 28/3/19 |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.7/18-19/ 30.01.2020 ന് മറുപടി സമർപ്പിച്ചിട്ടില്ല.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന്, കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി പ്രകാരം (തൊഴിൽ നികുതി) വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുള്ള 2108 കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തുകയും, ഫീൽഡ് തല അന്വേഷണത്തിലൂടെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുകയും, ഈ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കാൻ സ്ഥാപന ഉടമകൾക്ക് നിർദ്ദേശം നൽകുകയും 'ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭകത്വ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ' ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നതും/പുതുക്കുന്നതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.

## 1-9 തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായവരെല്ലാം നികുതി പരിധിയിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞില്ല

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം എന്നിവയിലും, മറ്റ് വരുമാന മാർഗ്ഗങ്ങളിലും ഏർപ്പെടുന്നവർ ഉൾപ്പടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല. രജിസ്റ്ററുകളുടെ പരിപാലനത്തിലെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടി ക്രമങ്ങളിലെയും വീഴ്ചകൾ ഇത് വ്യക്തമാക്കുന്നു. നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടി ക്രമങ്ങൾ കേരള പഞ്ചായത്ത്‌രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നൽകേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്. (നിയമം 205 ബി, ചട്ടം13 എന്നിവ കാണുക)

2. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ നോട്ടീസ് നൽകേണ്ടതാണ്

3. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 2ൽ സൂചിപ്പിച്ച ഫോറത്തിലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, തൊഴിൽദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല. ഇതിന്റെ ഫലമായി താഴെ പറയുന്ന പൊരുത്തക്കേടുകൾ തൊഴിൽ നികുതിയുടെ കാര്യത്തിൽ നിലനിൽക്കുന്നു.

എ) സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം 2108 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. ഇതിൽ 135 കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട് . അതായത് 1973 കെട്ടിടങ്ങൾ നിലവിൽ ഉപയോഗിക്കപ്പെടുന്നുണ്ടെന്ന് കരുതാവുന്നതാണ്. എന്നാൽ ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 525 ഡിമാന്റുകളിൽ നിന്നുമാത്രമാണ് നികുതി ഈടാക്കിയിരിക്കുന്നത്. ഓഡിറ്റ് വർഷത്തിൽ ആകെ 525 ലൈസൻസുകൾ അനുവദിക്കപ്പെട്ട സ്ഥാപനങ്ങൾ 1047 കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് സ്ഥാപനം വ്യക്തമാക്കിയിട്ടുണ്ട്. അതായത് അവശേഷിക്കുന്ന 926 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും അവയിലെ തൊഴിലാളികളിൽ നിന്നും നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല എന്നത് അപാകതയാണ്.

ബി) ക്രമ നം 1 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ട്, കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല കെട്ടിട ഉടമകളും നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടു. ഗ്രാമപഞ്ചായത്തിലെ കെട്ടിട ഉടമകൾ ആരും തന്നെ നാളിതുവരെ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെട്ടിട്ടില്ലെന്ന വസ്തുത നികുതി വരുമാനത്തിന്റെ കാര്യത്തിൽ സ്ഥാപനത്തിന്റെ ജാഗ്രതക്കുറവ് വ്യക്തമാക്കുന്നു. വേക്കൻസി റമിഷൻ കഴിഞ്ഞ് 1973 കെട്ടിടങ്ങൾ ഉണ്ടെന്നുള്ളതിനാൽ പരാമവധി അത്രയും ഡിമാന്റുകൾ കൂടി തൊഴിൽ നികുതിയുടെ കാര്യത്തിൽ ഉണ്ടാകാനിടയുണ്ട്.

സി) വിവിധ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് ലൈസൻസ് നല്കുമ്പോൾ ഈടാക്കുന്ന നികുതി സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ മാത്രമാണെന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. അതായത് ലൈസൻസ് അനുവദിക്കപ്പെട്ട 525 സ്ഥാപനങ്ങളിൽ നിന്നും അവയുടെ വിറ്റുവരവ് അടിസ്ഥാനപ്പെടുത്തി സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഡി) ട്രെയിഡേഴ്സിന്റെ കാര്യത്തിൽ, പിരിച്ചെടുത്ത നികുതി പോലും ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടി ക്രമങ്ങളിലൂടെയല്ല കണക്കാക്കിയത്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് നടന്നു വരുന്നത്. ഇത് വരുമാന ചോർച്ചയ്ക്ക് ഇടയാക്കുന്ന എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ് .

ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ അവയിൽ പ്രസ്താവിച്ച ജീവനക്കാരുടെ എണ്ണം പ്രകാരമുള്ള തൊഴിൽ നികുതി റിട്ടേൺ ഉടമകൾ സമർപ്പിച്ചതായോ 1994-ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി നിയമം 205 ബി, 1996-ലെ തൊഴിൽ നികുതി ചട്ടം 13 എന്നിവ പ്രകാരമുള്ള നികുതി ഈടാക്കേണ്ട ജീവനക്കാരുടെ ലിസ്റ്റ് സമർപ്പിക്കാൻ ഉടമസ്ഥനോടോ കൈവശക്കാരനോടോ ഗ്രാമ പഞ്ചായത്ത് ആവശ്യപ്പെട്ടതായോ കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | വാർഡ് നം | സ്ഥാപനം/വ്യാപാരികളുടെ പേര് | വ്യാപാരം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | 15/473എ | ഹുസ്സയിൻകുട്ടി ഹാജി | എംസാന്റ് നിർമ്മാണം | 4 |
| 2 | 17/356ബി,സി,ഡി | നോബിൻ ജോസഫ് | തുണിഷോപ്പ് | 2 |
| 3 | 10/733 | മാത്യൂസ്കറിയ | റസ്റ്റാറന്റ് | 6 |
| 4 | 14/524എ.ബി | പി.എം.ഹംസ | സ്ഫോടക വസ്തു സംഭരണം | 2 |
| 5 | 10/587,588 | മുഹമ്മദ് അബ്ബാസ് | സ്റ്റേഷനറി | 2 |
| 6 | 10/510,511 | കെ.പി.ശേഖരൻ | പെട്രോളിയം ഉൽപ്പന്നം സ്റ്റോക്ക് വില്പന | 5 |
| 7 | 17/356 പി,ക്യൂ.ആർ | അമൽ ജോസ് | ഡെന്റൽ ക്ലിനിക് | 3 |
| 8 | 16/250എ, 252 | ബൈജു.ടി.പി | ഈർച്ചമിൽ | 5 |
| 9 | 10/516 | സെന്റ് ആന്റണീസ് | തടിമില്ല് | 4 |

അപാകതയ്ക്ക് മറുപടി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/30-1-2020-ന് 525 ലൈസൻസുകൾക്കായി 1047 കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നും 135 കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ടെന്നും 724 കെട്ടിടങ്ങൾ നിലവിൽ

ഒഴിഞ്ഞ് കിടക്കുകയാണ് എന്നും 337 കെട്ടിടങ്ങൾ ലൈസൻസ് ആവശ്യമില്ലാത്ത ബാങ്കുകൾ, സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ, ഗവൺമെന്റ് ഓഫീസുകൾ തുടങ്ങിയവയാണ് എന്നും മറുപടി നൽകിയിട്ടുണ്ട്.

724 കെട്ടിടങ്ങൾ ഒഴിഞ്ഞ് കിടക്കുകയാണ് എന്ന് മറുപടിയിൽ പറയുന്നുണ്ടെങ്കിലും ആയതിന് വ്യക്തത ലഭിക്കുന്ന രേഖകളൊന്നും തന്നെ ഗ്രാമപഞ്ചായത്ത് സമർപ്പിച്ചിട്ടില്ല. മാത്രമല്ല ഗ്രാമ പഞ്ചായത്ത് ഹാജരാക്കിയ മറുപടിയിൽ പൊരുത്തക്കേടുകളും കാണുന്നു. ആകെ 2108 വാണിജ്യ കെട്ടിടങ്ങളിൽ 525 ലൈസൻസുകൾക്കായി 1047 കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തി എന്നും (2108-1047=1061) അതിൽ 135 കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചു എന്നും (1061-135= 926) ലൈസൻസ് ആവശ്യമില്ലാത്ത 337 കെട്ടിടങ്ങൾ ഉണ്ട് എന്നും (926-337= 589) മറുപടിയിൽ പറയുന്നു. ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ കണക്കുകൾ പ്രകാരം ബാക്കി വരുന്നത് 589 കെട്ടിടങ്ങളാണ്. എന്നാൽ 724 കെട്ടിടങ്ങൾ ഒഴിഞ്ഞ് കിടക്കുന്നുണ്ട് എന്നാണ് മറുപടി നൽകിയത്. കണക്കിലെ പൊരുത്തക്കേടുകൾ പരിശോധിക്കേണ്ടതാണ്.

# 1-10 രശീതി പരിശോധന – അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ രശീതി പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ബുക്ക് നം. 30436-ൽ രശീതി നം. 1 മുതൽ 36 വരെ ഉപയോഗിച്ചുവെങ്കിലും 37 മുതൽ 100 വരെ ഉപയോഗിക്കുകയോ റദ്ദ് ചെയ്യുകയോ ചെയ്തിട്ടില്ല.
2. സാംഖ്യ രശീതികളുടെ കാൻസൽഡ് റസീറ്റ് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
3. രശീതി ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

രശീതി ബുക്കുകളിൽ നിന്നും റദ്ദ് ചെയ്യുന്ന രശീതികൾ റദ്ദാക്കാനുള്ള കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും ഡേ ബുക്ക്, ക്യാഷ് ബുക്ക് എന്നിവ അതതു ദിവസങ്ങളിൽ പ്രിന്റ് എടുത്ത് സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവർ സാക്ഷ്യപ്പെടുത്തേണ്ടതും സാംഖ്യ രശീതികളുടെ കാൻസൽഡ് റസീറ്റ് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും രശീതി ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഉപയോഗിച്ചിട്ടില്ലാത്ത/റദ്ദ് ചെയ്യാത്ത രശീതികൾ വിനിയോഗിച്ച് പല തരത്തിലുള്ള സാമ്പത്തിക ക്രമക്കേടുകൾ ഉണ്ടാക്കുന്നതിലേക്ക് സാഹചര്യമൊരുക്കുമെന്നതിനാൽ ആയത് ഒഴിവാക്കുന്നതിലേക്ക് ആവശ്യമായ മേൽനടപടികൾ കൈക്കൊള്ളേണ്ടതാണ്. അപാകത ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സാമ്പത്തിക വർഷം അവസാനത്തെ തിരക്ക് മൂലം സംഭവിച്ചതാണെന്നും തുടർന്ന് ആവർത്തിക്കരുതെന്ന് ജീവനക്കാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമുള്ള മറുപടി നൽകിയിട്ടുണ്ട്.

# 1-11 പഞ്ചായത്ത് പരിധിയിലെ മുഴുവൻ കെട്ടിടങ്ങളും വസ്തു

## നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പവരുത്താൻ സാധിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ നികുതി അടക്കാൻ ബാധ്യസ്ഥമായ എല്ലാ കെട്ടിടങ്ങളും നികുതി പരിധിയിൽ വന്നുവെന്ന് ഉറപ്പവരുത്താൻ സാധിച്ചിട്ടില്ലെന്ന് കണക്കുകളിലെ പൊരുത്തക്കേടുകൾ വ്യക്തമാക്കുന്നു.

2013-14 വർഷം മുതൽ കെട്ടിട നികുതിയുടെ അസസ്മെന്റ്, ഡിമാന്റ്, കലക്ഷൻ എന്നിവ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേനയാണ് ചെയ്തു വരുന്നത്. ഗ്രാമപഞ്ചായത്തിലെ 2012-13 വർഷത്തെ മാന്വൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം 11340 കെട്ടിടങ്ങൾ പഞ്ചായത്തിലുണ്ടായിരുന്നു. ഓഡിറ്റിന് ഹാജരാക്കിയ ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ കണക്കുകൾ പ്രകാരം 2013-14 മുതൽ 2018-19 വരെയുള്ള കാലയളവിൽ ആകെ 1582 പുതിയ കെട്ടിടങ്ങൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. മേൽപറഞ്ഞ പ്രകാരം നാളിതുവരെ ആകെ 12922 ഡിമാന്റുകൾ (11340 +1582) ആണ് വരേണ്ടത്. ഇതിൽ 487 കെട്ടിടങ്ങൾ പൊളിച്ചു മാറ്റിയതിനാൽ ഡിമാന്റിൽ നിന്നും ഒഴിവാക്കിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവയെല്ലാം പരിഗണിക്കുമ്പോൾ ആകെ ഡിമാന്റ് വരേണ്ടത് 12435 (12922-487) കെട്ടിടങ്ങൾ ആണെന്നു കാണാം. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം 2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ ആകെ 11198 വസ്തു നികുതി ഡിമാന്റുകൾ മാത്രമാണ് ഉള്ളതെന്നാണ് സ്ഥാപനം വ്യക്തമാക്കിയിട്ടുള്ളത്. അതായത് സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള കെട്ടിടങ്ങൾ സ്ഥാപനത്തിലുള്ള രേഖകൾ പ്രകാരമുള്ളതിനേക്കാൾ 1237 എണ്ണം കുറവാണെന്നു മനസ്സിലാക്കാം. കണക്കുകൾ തമ്മിലുള്ള വ്യത്യാസം പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. നികുതി പരിധിയിൽ നിന്നും കെട്ടിടങ്ങൾ ഒഴിഞ്ഞു പോകാനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

## 1-12 വസ്തു നികുതി അസസ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 12, 13 എന്നിവ പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകളായ വസ്തു നികുതി അസസ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ 2018-19 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വാർഡ് തിരിച്ചുള്ള വസ്തു നികുതിയുടെ ഒരു സംഗ്രഹം മാത്രമാണ് ഓഡിറ്റിനായി ഹാജരാക്കിയിട്ടുള്ളത്. ആയതിനാൽ സ്ഥാപനത്തിന്റെ വസ്തു നികുതി നിർണ്ണയത്തിന്റെയും ആയത് ഡിമാന്റ് ചെയ്തതിന്റേയും കൃത്യത പരിശോധിക്കാൻ വേണ്ടി സാധിച്ചിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-13 നെൽകൃഷി കൂലി ചെലവ് ,സബ്സിഡി -അധികം തുക നൽകി.

പ്രൊജക്ട് നമ്പർ : 147/19

അടങ്കൽ : 400000/-

ചെലവ് : 388620/-

(ബിൽ നം.8/13.2.19 360400/-,ബിൽനം.9/13.3.19 28220/-)

ഒരു ഹെക്ടറിന് 17000/- രൂപ നിരക്കിൽ കർഷകർക്ക് കൃഷി ചെലവിനുള്ള കൂലി നൽകുന്നതാണ് പദ്ധതി . ഫയൽ പരിശോധിച്ചതിൽ താഴെ കാണിച്ചവർക്ക് നിശ്ചിത നിരക്കിലും അധികം കൂലി നൽകിയതായി കാണുകയുണ്ടായി.

| പേര് | സ്ഥലം വിസ്തൃതി | അനുവദിക്കേണ്ട തുക | അനുവദിച്ച തുക | അധികം നൽകിയത് |
|---|---|---|---|---|
| ഷൈനി ഷാജി | 1 ഏക്കർ | 6880 | 10200 | 3320 |
| സജി.വി.ഡി | **70 സെൻറ്** | 4818 | 6800 | 1982 |
| ബിബിൻ.കെ.കെ | 2.86 ഏക്കർ | 19684 | 23800 | 4116 |
| ആകെ | | | | 9418 രൂപ |

കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണത്തിന് ആനുപാതികമായല്ല മേൽകാണിച്ചവർക്ക് തുക അനുവദിച്ചത്. അധികം നൽകിയ തുക തിരിച്ചടവാക്കേണ്ടതാണ്.

ഹരിത കേരളം പദ്ധതിയുമായി സംയോജിപ്പിച്ച് കാർഷിക മേഖലയിലെ പദ്ധതികൾ ഓഡിറ്റ് വർഷം നടപ്പിലാക്കിയതായി കാണുന്നില്ല. കാർഷിക കർമ്മ സേന രൂപീകരിച്ച് ആയതിന്റെ പ്രവർത്തനവും ഓഡിറ്റ് വർഷം നടന്നതായി കാണുന്നില്ല. കൃഷിയുമായി ബന്ധപ്പെട്ട് വളം വിതരണം, വിത്തു വിതരണം, തുടങ്ങിയ ജനറൽ പ്രൊജക്ടുകൾക്കുള്ള ചെലവുകൾ മാത്രമാണ് തൻവർഷവും നടന്നു കാണുന്നത്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ: 9/19 , 30/01/2020)മറുപടി ലഭ്യമാക്കിയിട്ടില്ല.

കൃഷിഭൂമി വികസിപ്പിച്ച് നൂതന കൃഷി രീതികളും വിളവുകളും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട സ്റ്റാൻറിംഗ് കമ്മിറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും ശ്രദ്ധിക്കേണ്ടതാണ്.

## 1-14 സ്യൂട്ട് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

പഞ്ചായത്ത് കക്ഷിയായ കേസുകളെ സംബന്ധിച്ചുള്ള ഒരു സ്യൂട്ട് രജിസ്റ്റർ സൂക്ഷിച്ച് വരുന്നുണ്ട്. എന്നാൽ ആയത് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുവാൻ

കഴിഞ്ഞു.

1 രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വ്യക്തമല്ല. സ്യൂട്ട് രജിസ്റ്ററിൽ രണ്ടാമത്തെ കോളത്തിൽ ഫയൽ നമ്പർ എന്ന് എഴുതിയത് കേസ്സിന്റെ നമ്പറാണോ അതോ പഞ്ചായത്തിൽ സൂക്ഷിച്ച് വരുന്ന കേസ്സ് ഫയലുകളുടെ നമ്പറാണോ എന്ന് വ്യക്തമല്ല. പഞ്ചായത്ത് ഫയൽ നമ്പർ ആണെങ്കിൽ കേസ്സ് നമ്പറുകളും കേസ്സ് ഫയൽ ചെയ്ത കോടതിയുടെ പേരും ചേർക്കേണ്ടതാണ്.

1. രജിസ്റ്ററിന്റെ ഒന്നാമത്തെ പേജിൽ ആർ ആർക്കെതിരെ കൊടുത്ത കേസ്സാണെന്ന് രേഖപ്പെടുത്തിയിട്ടില്ല.
2. പേജ് നമ്പർ 4 മുതൽ 6 വരെ സീരിയൽ നമ്പർ 1 മുതൽ 12 വരെ ആയി ഫയൽ നമ്പർ ചേർത്ത് സ്വകാര്യ വ്യക്തികളുടെ പേര് മാത്രം രേഖപ്പെടുത്തി വിവരങ്ങൾ ചേർത്തത് കാണുന്നു. ആ കേസ്സുകൾ ആർ ആർക്കെതിരെ കൊടുത്തു എന്നോ, കേസ്സുകൾ ഏത് കോടതിയിൽ ആണ് എന്നോ, കേസ്സിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നോ, കേസ് നടത്തിയ വക്കീലിന് കൊടുത്തഫീസിന്റെ വിവരങ്ങളോ
രേഖപ്പെടുത്തിയിട്ടില്ല.
3. പേജ് നമ്പർ 7 ലും 8ലും ഹൈക്കോടതിയിൽ wp(c)28739/17 ലും, wp(c)10798/19 ലും, wp(c) 32781/19 ലും ഹാജരായതിന് 15000/- രൂപ വീതം വക്കീൽ ഫീസായി നൽകിയതായി രേഖപ്പെടുത്തി കാണുന്നു. നൽകിയ തീയതിയോ ചെക്ക് നമ്പറോ കേസ്സിന്റെ നിജ സ്ഥിതിയോ രേഖപ്പെടുത്തിയിട്ടില്ല.
4. ഫയലിൽ op(KAT)366/14(z) എന്ന നമ്പറിൽ ഹൈക്കോടതിയിൽ ഉണ്ടായിരുന്ന ഒരു കേസ്സിന്റെ ഫൈനൽ ഓർഡർ കാണുന്നുണ്ട്. അതിൽ ടി.പി ഇഖ്ബാൽ മുതൽ പേരാണ് ഹരജിക്കാർ. ആയത് സ്യൂട്ട് രജിസ്റ്ററിൽ ചേർത്ത് കാണുന്നില്ല. വക്കീൽ ഫീസ് കൊടുത്തോ എന്നും വ്യക്തമല്ല.
5. നിരവധി കേസുകളുടെ വിവരങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററിൽ ചേർത്തു വരുന്നില്ല.

ഉദാ- wpc 27012/18, ഇപ്പോൾ ഓംബഡ്സ്മാനിൽ നിലവിലുള്ള ഡോ.ചെറിയാൻ, ആൻസി ചെറിയാൻ നൽകിയ കേസ്.

മേൽ പറഞ്ഞ ന്യൂനതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ: 11/19 , 30/01/2020) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

# 1-15 മൂന്നര വർഷം മുമ്പ് പഞ്ചായത്ത് എടുത്ത തീരുമാനം നടപ്പായില്ല. പഞ്ചായത്തിനെതിരെ വ്യവഹാരം നിലനിൽക്കുന്നു.

മത്സ്യ, മാംസ, പച്ചക്കറി മാർക്കറ്റുകളെ ഇപ്പോൾ പ്രവൃത്തിക്കുന്ന വൃത്തിഹീനമായ പ്രദേശത്തു നിന്നും മാറ്റി പ്രസ്തുത മാർക്കറ്റുകൾ കേന്ദ്രീകൃതമായി നടത്തുന്നതിന് വേണ്ടി 20 വർഷത്തേക്ക് സ്ഥലവും കെട്ടിടവും സൗജന്യമായി പഞ്ചായത്തിന് വിട്ട് നൽകുവാനും കടകളുടെ 10 % വാടക പഞ്ചായത്തിന് കിട്ടത്തക്ക രീതിയിൽ തീരുമാനമെടുത്ത് 28/04/2016 ന് പഞ്ചായത്ത് ഒരു പരസ്യം നല്കിയിരുന്നു. തുടർന്ന് 24/05/2016 ൽ നടന്ന മീറ്റിംഗിൽ കേസിലെ പരാതിക്കാരുടെ അപേക്ഷ പരിഗണിക്കുകയും 30/06/2016 -ന് ആയതിന് തദ്ദേശസ്വയംഭരണ വകുപ്പ് സമ്മതം ലഭ്യമാക്കുകയും, തുടർന്ന് സ്ഥലം ഉടമകൾ 02/11/2016 തീയതി പഞ്ചായത്തുമായി കരാർ ഒപ്പ്

വെയ്ക്കുകയും ചെയ്തിരുന്നു. അപ്രകാരം കരാർ വ്യവസ്ഥകൾ പാലിച്ച് ഉടമസ്ഥർ കെട്ടിടവും സീവേജ് പ്ലാൻറ് ഉൾപ്പെടെ എല്ലാം നിർമ്മിച്ച് 07/09/2018 തിയ്യതി വിവരം പഞ്ചായത്തിനെ രേഖാമൂലം അറിയിക്കുകയുണ്ടായി. എന്നാൽ പഞ്ചായത്തിൽ നിന്നും ലൈസൻസ് വാങ്ങി കച്ചവടം നടത്തുന്നവരെ നിർബന്ധിച്ച് ഒഴിപ്പിക്കാൻ സാധിക്കില്ല എന്ന മറുപടിയാണ് 30/10/2018 തീയതി പഞ്ചായത്ത് പരാതിക്കാർക്ക് നൽകിയത്.

പരാതിക്കാരൻ പഞ്ചായത്തുമായി ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ 1 കോടി രൂപയിലധികം ചെലവിട്ട് അവർ കെട്ടിടവും മറ്റ് സൗകര്യങ്ങളും സജ്ജമാക്കിയതിന് ശേഷം പഞ്ചായത്ത് നൽകിയ മറുപടി പരാതിക്കാർക്ക് ഒട്ടും തൃപ്തികരമായിരുന്നില്ല. പഞ്ചായത്തിന്റെ പ്രദേശങ്ങൾ വൃത്തിയുള്ളതായും ശുചിയായും സൂക്ഷിക്കേണ്ടത് പഞ്ചായത്തിന്റെ ഉത്തരവാദിത്വമാണ്. ലൈസൻസുള്ള കച്ചവടക്കാരെ നിർബന്ധിച്ച് ഒഴിപ്പിക്കാൻ പറ്റില്ല എന്ന കാരണം പറഞ്ഞതിനാൽ തുടർ നടപടികൾ നിശ്ചലമായി. ഇതിനെ തുടർന്ന് O.P. 23/19 നമ്പറായി ഡോ.എൻ.സി.ചെറിയാനും ഭാര്യ ആൻസി ചെറിയാനും പഞ്ചായത്തിനെ എതിർ കക്ഷിയാക്കി ഓംബുഡ്സ്മാനിൽ ഫയൽ ചെയ്ത ഒരു കേസ് നിലവിലുണ്ട്. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ: 13/19 , 30/01/2020)മറുപടി ലഭ്യമാക്കിയിട്ടില്ല.

ഇതുപോലെ ബൃഹത്തായ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് മുമ്പായി, നിലവിലുള്ള കച്ചവടക്കാരുടെ അഭിപ്രായങ്ങളും ഗുണഭോക്താക്കളുടെ ആവശ്യങ്ങളും മനസ്സിലാക്കുകയും പഠനവിധേയമാക്കുകയും ചെയ്യേണ്ടതായിരുന്നു. അതോടൊപ്പം, പദ്ധതി സൃഷ്ടിച്ചേക്കാവുന്ന വാണിജ്യപരവും സാമൂഹികവുമായ സാധ്യതകളും പ്രശ്നങ്ങളും പരിശോധിച്ച് വേണമായിരുന്നു കരാറിൽ ഏർപ്പെടാൻ. പഞ്ചായത്ത് കരാറിൽ ഏർപ്പെട്ട രണ്ടാം കക്ഷി ഒരു കോടിയിലധികം ചെലവിട്ട് അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിയതിന് ശേഷം, കച്ചവടക്കാരെ ബലം പ്രയോഗിച്ച് ഒഴിപ്പിക്കാൻ കഴിയില്ല എന്ന വാദം ഉന്നയിച്ച് കരാറിൽ നിന്ന് പിൻവാങ്ങാൻ പഞ്ചായത്ത് ശ്രമിച്ചതിൽ നിന്നും മേൽപ്പറഞ്ഞ യാതൊരു പഠനങ്ങളും നടത്താതെയാണ് പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടത് എന്ന് വ്യക്തമാകുന്നു. അനാവശ്യമായി പഞ്ചായത്തിനെ ഒരു കേസ്സിലേക്ക് വലിച്ചിഴക്കുകയും പഞ്ചായത്ത് ഫണ്ട് കേസ്സ് നടത്തിപ്പിനായി ചെലവഴിക്കാൻ ഇടവരുത്തുകയും ചെയ്തതിൽ വിശദീകരണം നൽകേണ്ടതാണ്.

## 1-16 വയോജനങ്ങൾക്ക് പകൽ വീട് - ചെലവഴിക്കാത്ത വികസനഫണ്ട് വിഹിതം സഞ്ചിതനിധിയിൽ തിരികെ ഒടുക്കിയില്ല

പ്രൊജക്ട് നം.: 306/19

അടങ്കൽ : 500000/-രൂപ

നിർവ്വഹണം : സെക്രട്ടറി

2017-18 വാർഷിക പദ്ധതിയിൽ കൊടുവള്ളി ബ്ലോക്ക്പഞ്ചായത്ത് 12 ലക്ഷവും, ഗ്രാമപഞ്ചായത്ത് 5 ലക്ഷവും വകയിരുത്തി കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ വയോജനങ്ങൾക്ക് പകൽ വീട് എന്ന പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരുന്നു. 2018-19 ൽ കെട്ടിടനിർമ്മാണം പൂർത്തീകരിക്കുന്നതിനായി വികസന ഫണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് വിഹിതമായി

വകയിരുത്തിയ 5ലക്ഷം രൂപ കൈമാറാൻ ആവശ്യപ്പെട്ടതിനെ തുടർന്ന് ബ്ലോക്ക് പഞ്ചായത്തിന്റെ 799011400001258 നമ്പർ അക്കൗണ്ടിലേക്ക് 500000/-രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയുണ്ടായി.

30.1.2020 ൽ ഓഡിറ്റ് ടീം, ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിടനിർമ്മാണം പൂർത്തീകരിച്ചതായി കാണുകയുണ്ടായി. 11.12.2019ൽ ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്ര പ്രകാരം, ഗ്രാമപഞ്ചായത്ത് വിഹിതമായി നൽകിയ 500000/-രൂപയിൽ 363285/-രൂപ പ്രവൃത്തിക്കായി ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുകയായ 136715/-രൂപ ഗ്രാമപഞ്ചായത്തിന്റെ ടി.എസ്.ബി.അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതായും അറിയിച്ചിട്ടുണ്ട്. ജി.ഒ.(പി) 177/2006/ധനം./12.4.2006 പ്രകാരം മുൻവർഷങ്ങളിൽ വിനിയോഗിക്കാത്ത എ., ബി., സി.ഫണ്ടുകൾ സർക്കാരിന്റെ സഞ്ചിതനിധിയിലേക്ക് അതാത് ഹെഡ് ഓഫ് അക്കൗണ്ടിൽ തിരിച്ചടയ്ക്കേണ്ടതാണ്. ആയതിനാൽ ടിഎസ്.ബി അക്കൗണ്ടിൽ ക്രെഡിറ്റു ചെയ്ത തുക സഞ്ചിത നിധിയിൽ ഒടുക്കി വിവരം അറിയിക്കേണ്ടതും ചലാൻ രശീതി പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

വൈദ്യുതി കണക്ഷനും വാട്ടർ കണക്ഷനും ലഭിച്ചിട്ടില്ലാത്തതിനാൽ വയോജനമന്ദിരം പ്രവർത്തനമാരംഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ വിശദാംശം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/18-19/31.1.2020) ലഭ്യമാക്കിയ മറുപടിയിൽ 2019-20 ൽ കെട്ടിടം വൈദ്യുതീകരിക്കുന്നതിനായി 1,10,000/-രൂപയും, ഫർണ്ണിച്ചർ വാങ്ങുന്നതിനായി 2,00,000/-രൂപയും വകയിരുത്തിയതായി അറിയിച്ചിട്ടുണ്ട്. കാലതാമസം വരുത്താതെ പദ്ധതി പൂർത്തീകരിച്ച് പകൽവീട് പ്രവർത്തനമാരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ജലഅതോറിറ്റിക്ക് വെള്ളക്കരമൊടുക്കൽ-കൃത്യത ഉറപ്പുവരുത്തുന്നില്ല

പ്രൊജക്ട് നം. : 17/19

അടങ്കൽ തുക : 1212756/-രൂപ

ചെലവു തുക : 1115775/-രൂപ

നിർവ്വഹണം : സെക്രട്ടറി

ഗ്രാമപഞ്ചായത്തു പരിധിയിലെ പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റിക്ക് ഓഡിറ്റു വർഷം മേൽ പ്രൊജക്ടുപ്രകാരം വികസന ഫണ്ടിൽ നിന്നും 11,15,775/-രൂപയും, തനതു ഫണ്ടിൽ നിന്നും 101063/-രൂപയുമടക്കം 12,16,838/-രൂപ ഒടുക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റി നൽകുന്ന ഡിമാന്റ് നോട്ടീസു പ്രകാരമുള്ള തുകയാണ് ഒടുക്കിവരുന്നത്. ഡിമാന്റ് നോട്ടീസു പ്രകാരം ഗ്രാമപഞ്ചായത്തു പരിധിയിൽ 231 വാട്ടർ ടാപ്പുകളാണുള്ളത്. ഒരു ടാപ്പിന് പ്രതിവർഷം 5250/-രൂപ നിരക്കിലാണ് വെള്ളക്കരം ഈടാക്കുന്നത്. വെള്ളക്കരമിനത്തിൽ വൻതുക വർഷംതോറും ഗ്രാമപഞ്ചായത്ത് ഒടുക്കുന്നുണ്ട്. എന്നാൽ നിലവിൽ പ്രവർത്തനക്ഷമമായ വാട്ടർ ടാപ്പുകളെ അടിസ്ഥാനപ്പെടുത്തിയാണോ വാട്ടർ അതോറിറ്റി വെള്ളക്കരം ഈടാക്കുന്നതെന്ന് ഉറപ്പുവരുത്താതെയാണ് ഭീമമായ സംഖ്യ ഒടുക്കുന്നത്.

ഗ്രാമപഞ്ചായത്ത് പരിധിയിലെ നിലവിലുള്ളവാട്ടർ ടാപ്പുകളുടെ എണ്ണവും, അവ എവിടെയൊക്കെയാണ് സ്ഥാപിച്ചിട്ടുള്ളതെന്നും, നിലവിൽ പ്രവർത്തനക്ഷമമാണോയെന്നും കാണിക്കുന്ന വാട്ടർ ടാപ്പ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇതുമൂലം വെള്ളക്കരമിനത്തിൽ ഒടുക്കുന്ന തുകയുടെ കൃത്യത പരിശോധിക്കാൻ സംവിധാനമില്ല. ആയതിനാൽ നിലവിൽ പ്രവർത്തന ക്ഷമമല്ലാത്ത ടാപ്പുകൾക്കും വെള്ളക്കരം ഒടുക്കേണ്ടി വരുന്ന അവസ്ഥയാണുള്ളത്. ഇത് ഫണ്ടിന്റെ ദുരുപയോഗത്തിന് കാരണമാകുന്നതാണ്. വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പ്രവർത്തന ക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാൻ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും നടപടി പൂർത്തീകരിച്ചിട്ടില്ല. ഭരണസമിതിയുടെ 4.7.2018ലെ 10ാം നമ്പർ തീരുമാന പ്രകാരം നിരവധി ടാപ്പുകൾ പ്രവർത്തിക്കാത്തതിനാൽ വാട്ടർ അതോറിറ്റിക്ക് കത്തു നൽകാൻ തീരുമാനിച്ചതായി കാണുന്നു. എന്നാൽ നാളിതുവരെ സംയുക്തപരിശോധന നടത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ, ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിൽ പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തുന്നതിന് ജല അതോറിറ്റിയുടെ സേവനം ലഭിക്കുന്നതിനായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണസമിതിയും തുടർനടപടികൾ കൈക്കൊള്ളേണ്ടതും ഈയിനത്തിൽ പഞ്ചായത്തിനുണ്ടാകുന്ന നഷ്ടം ഒഴിവാക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **1-18** സംയുക്തപ്രൊജക്ടുകൾ- വിനിയോഗിക്കാത്ത തുക തിരിച്ചടച്ചില്ല

ഗ്രാമപഞ്ചായത്ത് 2016-17, 2017-18, 2018-19 വർഷങ്ങളിൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുമായി സംയുക്തമായി നടപ്പാക്കിയ പദ്ധതികളിൽ വിനിയോഗിക്കാതെ ബാക്കി നിൽക്കുന്ന തുക അതാതു തദ്ദേശ സ്ഥാപനങ്ങൾക്ക് തിരികെ നൽകിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 264000 | ആട്ടുവിതരണം | 0 | 264000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 120000 | ലൈഫ് ഭവനനിർമ്മാണം (എസ്.സി) | 0 | 120000 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 400000 | കറവപശു വിതരണം | 375000 | 25000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 260000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 0 | 260000 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 125000 | മുട്ടഗ്രാമം | 106250 | 18750 |
| ജില്ലാപഞ്ചായത്ത് | 2018-19 | 76015 | ലൈഫ് ഭവനം (എസ്.സി.) | 0 | 76015 |
| ആകെ | | | | | 763765 |

ജി.ഒ(പി)നം.7/2017/ധനം/23.01.17, ജി.ഒ.(പി)നം119/2015/ ധനം/21.03.15 എന്നിവയനുസരിച്ച് സംയുക്ത പ്രോജക്ടുകളുടെ വിഹിതം വിനിയോഗിച്ചില്ലെങ്കിൽ പ്രസ്തുത സ്ഥാപനത്തിന് തിരിച്ചു നൽകേണ്ടതാണ്. സർക്കാർ ഉത്തരവു പ്രകാരം തുക തിരികെ അടവാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/18-19/ 30.1.2020) മറുപടി സമർപ്പിച്ചിട്ടില്ല. മേൽ പ്രകാരം നാളിതുവരെ ചെലവഴിക്കാതെ ഗ്രാമപഞ്ചായത്തിന്റെ ടി.എസ്.ബി അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക അതാത് സ്ഥാപനങ്ങൾക്ക് തിരികെ നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-19 വയോജനങ്ങൾക്ക് കട്ടിൽ വിതരണം-ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ രേഖകളില്ല.

പ്രൊജക്ട് നമ്പർ : 8/19

അടങ്കൽ : 857400 (വികസന ഫണ്ട്), 3900 (തനത് ഫണ്ട്) ആകെ:8,61,300
നിർവ്വഹണം: ഐ.സി,ഡി.എസ് സൂപ്പർവൈസർ.

60 വയസ്സ് കഴിഞ്ഞവർക്ക് സൗജന്യമായി കട്ടിൽ വിതരണം ചെയ്യുന്നതാണ് പദ്ധതി. തൻവർഷം 458347/- രൂപയും ശേഷിക്കുന്ന തുകയിൽ 402953/- രൂപ 19-20 ലും ചെലവഴിച്ചു. 198 പേർക്ക് 4350/- രൂപ പ്രകാരം കട്ടിൽ വാങ്ങുന്നതിനാണ് തുക വകയിരുത്തിയത്. 'സിഡ്കോ' എന്ന സ്ഥാപനത്തിൽ നിന്നും 2018-19-ൽ തന്നെ കട്ടിലുകൾ മുഴുവൻ ലഭിച്ചിരുന്നു.

ഗ്രാമസഭ വഴി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ പ്രസ്തുത ആനുകൂല്യം കൈപ്പറ്റിയതിന്റെ രേഖകൾ ഫയലിലില്ല. കട്ടിലുകളുടെ വിതരണ രജിസ്റ്ററിൽ 21 വാർഡുകളിലെ വാർഡ് മെമ്പർമാർ കട്ടിൽ കൈപ്പറ്റിയതായാണ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. ആനുകൂല്യത്തിനായി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ തന്നെയാണ് അവ കൈപ്പറ്റിയതെന്ന് ഉറപ്പാക്കാനായിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ: 12/19 , 30/01/2020)മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗുണഭോക്താക്കൾ കട്ടിൽ കൈപ്പറ്റിയതു സംബന്ധിച്ച രേഖ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-20 കരാർ വയ്ക്കുന്നതിന് കാലതാമസം - കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല

ജി.ഒ(പി)13/2012/പിഡബ്ല്യുഡി/1.2.12 പ്രകാരമുള്ള പൊതു മരാമത്ത് മാന്വൽ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തീയതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് പിഎസി യുടെ 1% പിഴ ഈടാക്കിക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇ.എം.ഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധനകളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇവിടെ പ്രവൃത്തി ഫയലുകളിലധികവും സെലക്ഷൻ നോട്ടീസ് വച്ചിട്ടില്ലാത്തതിനാൽ സമയബന്ധിതമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിയ്ക്കാനായിട്ടില്ല. പ്രൈസ് സോഫ്റ്റ്‌വെയറിൽ നിന്ന് പകർപ്പെടുത്ത് പരിശോധിച്ച താഴെ പറയുന്ന പ്രോജക്ടുകളിൽ കരാർ പ്രവൃത്തികൾക്കായി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ചിട്ടുള്ളത്.

| ക്രമ നം | പ്രോജക്ട് | സെലക്ഷൻ നോട്ടീസ് തിയതി | കരാർ വച്ച തിയ്യതി/ കരാറുകാരൻ | പിഎസിയുടെ1% ഫൈൻ തുക |
|---|---|---|---|---|
| 1. | കാട്ടിപ്പൊയിൽ കുടിവെള്ള പദ്ധതി അഭിവൃദ്ധിപ്പെടുത്തൽ 242/19 (ബിൽ 80/ 18-19/ 19.03.19, 209283/-) കരാർ തുക 249645 | 29.11.2017 | AE/KDRY/73/17-8/ 23 .12.17 ശ്രീ.എ.വി.തോമസ് | 2496/- |
| 2 | അമ്മായിക്കോട് വനിതാ സാംസ്കാരിക നിലയം പൂർത്തീകരണം 237/19 (ബിൽ 78/18-19 13.03.19, 361260/-) കരാർ തുക 480000 | 29.11.2017 | AE/KDRY/50/ 17-18/ 23.12.17 ശ്രീ.റജി.സി.ജെ | 4800/- |
| 3 | മീമ്മുട്ടി പുന്നക്കുട്ടി റോഡ് അഭിവൃദ്ധിപ്പെടുത്തൽ 205/19 (ബിൽ 64/18-19 / 13.03.19, 400000 /-) കരാർ തുക 400000 | 29.11.2017 | AE/KDRY/74/ 17-18 23.12.17 ശ്രീ.എ.വി. തോമസ് | 4000/- |

| | | | | |
|---|---|---|---|---|
| | | | | |
| | | | **ആകെ** | **11296** |

മേൽ പ്രവൃത്തികളിൽ കരാർ വയ്ക്കാൻ വൈകിയതിന് കാരണം കാണിക്കുകയോ ആയത് അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല. കൂടാതെ കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ച് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (23/18-19) ലഭ്യമാക്കിയ മറുപടിയിൽ തിരക്കിനിടയിൽ ശ്രദ്ധയിൽ പ്പെടാത്തതിനാലാണ് കരാറുകാരനിൽനിന്ന് പിഴ ഈടാക്കാതിരുന്നതെന്നും ഈടാക്കാൻ നടപടി സ്വീകരിയ്ക്കുമെന്നും അറിയിച്ചിട്ടുണ്ട്. പിഴയിനത്തിൽ ഈടാക്കേണ്ടിയിരുന്ന 11,296/- രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

## 1-21 ക്ഷീര ഗ്രാമം പദ്ധതി നടത്തിപ്പ് - മാർഗ്ഗരേഖ പാലിച്ചില്ല

കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ഡയറി എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ 'ക്ഷീരഗ്രാമം വനിത ജനറൽ' എന്ന പദ്ധതി (നമ്പർ 141/19) നടപ്പാക്കിയതിൽ സർക്കാർ ഉത്തരവ് പാലിച്ചതായി കാണുന്നില്ല.

ഗ്രാമപഞ്ചായത്തിലെ 40 വനിതകൾക്ക് കറവ പശുക്കളെ വാങ്ങുന്നതിനുള്ള ധനസഹായം ലഭ്യമാക്കുന്നതാണ് പ്രൊജക്ട്. ബാങ്ക് വായ്പ ലഭ്യമാക്കി 55000/- രൂപ വരെ വിലയുള്ള പശുക്കളെ പർച്ചേസ് കമ്മിറ്റി മുഖേന വാങ്ങി രേഖകൾ ഹാജരാക്കുമ്പോൾ പരമാവാധി 50% സബ്സിഡിയായ 27500/-രൂപ ബാക്ക് എൻഡ് സബ്സിഡിയായി വായ്പ ലഭ്യമാക്കിയ ബാങ്കിലേക്ക് അനുവദിക്കുന്നതിന് പ്രൊജക്ട് ലക്ഷ്യമിടുന്നു.

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 40 ഗുണഭോക്താക്കൾക്ക് 27500/- രൂപ നിരക്കിൽ ബാങ്കിലേക്ക് ധനസഹായം അനുവദിക്കുകയുണ്ടായി. ഗുണഭോക്താവ് പശുവിനെ വാങ്ങിയതുമായി ബന്ധപ്പെട്ട വിലച്ചീട്ട് പ്രകാരം വില്പനക്കാരൻ ഗുണഭോക്താവിൽനിന്നും പണം കൈപ്പറ്റിയതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖ, സർക്കാർ ഉത്തരവ് (കൈ)നമ്പർ 22/2018 ത.സ്വ.ഭ.വ തീയ്യതി 14.02.2018 ലെ ഖണ്ഡിക 6.2 പ്രകാരം ഉരുക്കളെ ആരുടെ പക്കൽ നിന്നാണോ വാങ്ങുന്നത് അവരുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് തുക നൽകേണ്ടത്. കൂടാതെ ഉരുക്കളുടെ മേന്മ പരിശോധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതുമാണ്.

എന്നാൽ പ്രസ്തുത നിബന്ധനകൾ പാലിച്ചതായി കാണുന്നില്ല. കൂടാതെ മേൽ പറഞ്ഞ പദ്ധതി പ്രകാരം വാങ്ങിയ പശുക്കൾ എല്ലാം തന്നെ നിലവിൽ ഗുണഭോക്താക്കളുടെ കൈവശത്തിൽ ഉണ്ടെന്നും ക്ഷീര സംഘങ്ങളിൽ രജിസ്റ്റർ ചെയ്ത് പാൽ വിതരണം നടത്തുന്നുണ്ടോയെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കേണ്ടതാണ്. ബാങ്ക് വായ്പ സംബന്ധിച്ച് ഗുണഭോക്താവ്/ക്ഷീരസഹകരണ സൊസൈറ്റി ബാങ്കുമായി ചമച്ച കരാർ ഉടമ്പടി പൂളവള്ളി ക്ഷീര സഹകരണ സംഘം മാത്രമാണ് ലഭ്യമാക്കിയത്. (ടി സൊസൈറ്റി 5 പേർക്കാണ് വായ്പ നൽകിയത്). ബാങ്ക് ഈടാക്കുന്ന വായ്പയുടെ പലിശനിരക്ക്, പ്രസ്തുത കരാറിൽ നിന്നും വ്യക്തമല്ല. ശേഷിക്കുന്ന 35 പേരുടെ വായ്പയുമായി ബന്ധപ്പെട്ട കരാർ പത്രിക ലഭ്യമാക്കിയിട്ടില്ല. ഇതു

സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ: 10/19 , 30/01/2020)മറുപടി ലഭ്യമാക്കിയിട്ടില്ല.

സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കാതെ തുക ചെലവഴിച്ചതിനാൽ 11,00,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-22 പട്ടിക ജാതി വിദ്യാർഥികൾക്ക് ലാപ്ടോപ്പ് വിതരണം - പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നല്കി

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി,

പ്രൊജക്ട് – 3/19 എസ്. സി. വിഭാഗത്തിൽപ്പെട്ട പ്രൊഫഷണൽ, ബിരുദ, ബിരുദാന്തര ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം.

അടങ്കൽ – 4,80,000/- രൂപ

ചെലവ് – 387270 - വികസന ഫണ്ട് (എസ്.സി.പി ഫണ്ട് )

ബിൽ നമ്പർ/തീയതി – 08/01.01.19

എസ്.സി വിഭാഗത്തിൽപ്പെട്ട പ്രൊഫഷണൽ, ബിരുദ, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. ടെണ്ടർ പ്രകാരം ബിസ്സയർ പവർ സൊല്യൂഷൻ എന്ന സ്ഥാപനത്തിൽ നിന്ന് 13 ലാപ്ടോപ്പുകൾ വാങ്ങി വിദ്യാർഥികൾക്ക് നൽകിയിട്ടുണ്ട്. എ4-1740/18 നം കത്ത് പ്രകാരം 16.11.18 ന് സപ്ലൈ ഓർഡർ നൽകി 2/2019 ലാണ് ലാപ്ടോപ്പ് വിദ്യാർഥികൾക്ക് വിതരണം ചെയ്തിട്ടുള്ളത്. ലാപ്ടോപ്പ് ലഭിച്ച വിദ്യാർഥികളുടെ കോഴ്സ് സർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ 2 വിദ്യാർഥികൾക്ക് പഠനകാലം പൂർത്തിയായശേഷമാണ് ലാപ്ടോപ്പ് നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | റിമാർക്സ് |
|---|---|
| ശിഖ മനോഹരൻ പുള്ളിയോട്ടിൽ | ശാന്തി കോളേജ് ഓഫ് നഴ്സിങ്ങ്, വേനപ്പാറ എന്ന സ്ഥാപനം 31.08.18 ന് നൽകിയ കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം ഈ വിദ്യാർഥി 2017-18 വർഷത്തിൽ നഴ്സിങ്ങ് 4ാം വർഷ വിദ്യാർഥിയാണ്. അതായത് പഠനം പൂർത്തിയായതിന് ശേഷമാണ് 2/2019 ൽ ലാപ്ടോപ്പ് നൽകിയിട്ടുള്ളത്. |
| വിപിൻ.പി.വി പൂവ്വാട്ടുപറമ്പിൽ | 08.10.18 ന് നൽകിയ കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം ഈ വിദ്യാർഥി 2018-19 വർഷത്തിൽ ബി.എ മാസ് കമ്മ്യൂണിക്കേഷൻ |

| | |
|---|---|
| | ആന്റ് ജേണലിസം അവസാന വർഷ വിദ്യാർഥിയാണ്. അതായത് പഠനം പൂർത്തിയാകുന്നതിന്റെ അവസാന മാസത്തിലാണ് 2/2019 ൽ ലാപ്ടോപ്പ് നൽകിയിട്ടുള്ളത്. |

അപാകതയ് ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 19/2018-19. 31.01.2020) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. 2 ലാപ്ടോപ്പിന്റെ വില 59,580/- രൂപ (29790X2) യുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

# 1-23 മാലിന്യ നിർമ്മാർജന പദ്ധതികൾ നടപ്പിലാക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമം 166 പട്ടിക 3 പ്രകാരം ശുചിത്വ മാലിന്യ സംസ്കരണം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ് ഇതിനാവശ്യമായ പദ്ധതികൾ നടപ്പാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച വികസന മിഷനുകളിൽ ഒന്നായ ഹരിത കേരള മിഷന്റെ ദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വവും മാലിന്യ സംസ്കരണവും. ജി.ഒ(പി)11/18/തസ്വഭവ/ 20.01.2018 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ 7-1സി പ്രകാരം ഇതിനാവശ്യമായ പദ്ധതികൾ പഞ്ചായത്ത് നടപ്പിലാക്കണം. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി മാലിന്യ സംസ്കരണത്തിനായി പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ടിലും മാലിന്യ നിർമ്മാർജനവുമായി ബന്ധപ്പെട്ട അവസ്ഥാ വിശകലനങ്ങളൊന്നും നടത്തിയിട്ടില്ല. വി.ഇ.ഒ മുഖേന മുറംപാത്തി സ്കൂളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് തയ്യാറാക്കിയ പദ്ധതി 299/19 നടപ്പാക്കിയിട്ടില്ല. എം.ആർ.എഫ്, എം.സി.എഫ് എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികളൊന്നും ആസൂത്രണം ചെയ്ത് നടപ്പിലാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി 28 / 2018-19 31.01.2020 യ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ സ്ഥലം ലഭ്യമല്ലാത്തതിനാലാണ് എം.ആർ.എഫ് , എം.സി.എഫ് എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികളൊന്നും ആസൂത്രണം ചെയ്ത് നടപ്പാലാക്കാത്തതെന്നും സ്ഥലം ലഭ്യമാകുന്നതിന് ബ്ലോക്ക് പഞ്ചായത്തുമായി സംയോജിച്ച് നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും അറിയിക്കുകയുണ്ടായി. സർക്കാർ നിർദ്ദേശ പ്രകാരം മേൽ പദ്ധതികൾ നടപ്പിലാക്കി വിവരം അറിയിക്കേണ്ടതാണ്.

# 1-24 അമ്മായിക്കോട് സാംസ്കാരിക നിലയം അപകടകരമായ സ്ഥലത്ത് കെട്ടിടം നിർമ്മിച്ചു -പൂർത്തീകരണത്തിനായി നടത്തിയ പദ്ധതികൾ പാഴ് ചെലവ്

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അമ്മായിക്കോട് സാസ്കാരിക നിലയത്തിന്റെ പൂർത്തീകരണത്തിനായി 2 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സാസ്കാരിക നിലയത്തിന്റെ നിർമ്മാണത്തിനായി 2011-12 വർഷത്തിൽ പദ്ധതി ആരംഭിക്കുകയും 2013-14 വർഷത്തിൽ കെട്ടിട നിർമ്മാണം പൂർത്തിയാകകയും ചെയ്തിട്ടുണ്ട്. എന്നാൽ കെട്ടിടം ഉപയോഗപ്രദമാക്കിയിരുന്നില്ല. 2017-18 വർഷത്തിൽ ഇതിന്റെ പൂർത്തീകരണത്തിനായി കോമ്പൗണ്ട് വാൾ ഗേറ്റ്, മുറ്റം ടൈൽ പാകൽ പെയിന്റിംഗ് തുടങ്ങിയ പ്രവർത്തികൾ

നടത്തുന്നതിനായി. 326/18 നമ്പർ പ്രോജക്ട് 2017-18 ൽ തയ്യാറാക്കിയെങ്കിലും പ്രവൃത്തി പൂർത്തിയാകുന്നത് 2018-19 ലാണ്. 2018-19 ൽ വൈദ്യതീകരണത്തിനായും ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തൻവർഷത്തെ ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | വകയിരുത്തിയ തുക | ചെലവ് തുക | ബിൽ നമ്പർ തിയ്യതി |
|---|---|---|---|
| അമ്മായിക്കോട് എസ്.സി വനിതാ സാംസ്കാരിക നിലയം പൂർത്തീകരണം 237/19 | 480000 | 361260 | 78/13.03.2019 |
| അമ്മായിക്കോട് എസ്.സി വനിതാ സാംസ്കാരിക നിലയം വൈദ്യുതീകരണം 23 7/19 | 50000 | 49004 | 87/19.03.2019 |
| ആകെ | 530000 | 410264 | |

സാംസ്കാരിക നിലയത്തിന്റെ പ്രവർത്തനം സംബന്ധിച്ച് പരിശോധന നടത്തുന്നതിനായി 30.01.2020 ന് പഞ്ചായത്ത് ജൂനിയർ സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ സ്ഥലം സന്ദർശിക്കുകയുണ്ടായി. സാംസ്കാരിക നിലയമായി ഉപയോഗിക്കാൻ സാധ്യമല്ലാത്ത അപകടകരമായ ഒരു സ്ഥലത്താണ് കെട്ടിടം പണിതിട്ടുള്ളത്. കെട്ടിടത്തിന് മുകളിലേയ്ക്കായി ഒരു കൂറ്റൻ പാറ ചാഞ്ഞു നിൽക്കുന്നുണ്ട്. കെട്ടിടത്തിനേക്കാൾ വളരെ ഉയരത്തിൽ ചാഞ്ഞു നിൽക്കുന്ന വൻ പാറക്കെട്ടിനെ സ്പർശിച്ച കൊണ്ടാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. ഫോട്ടോ കാണുക.





കണ്ടാൽ തന്നെ ഭയം ഉളവാക്കുന്ന രീതിയിൽ അപകടകരമായി ചാഞ്ഞ് നിൽക്കുന്ന പാറയുടെ താഴെയായി 2013-14 വർഷത്തിൽ നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ള കെട്ടിടം, സാംസ്കാരിക നിലയമായി ഉപയോഗിക്കാൻ കഴിയില്ലെന്ന് ഉറപ്പുണ്ടായിട്ടും ഫണ്ട് വിനിയോഗിക്കുന്നതിനു മാത്രമായി 2018-19 ൽ 4,10,264/- രൂപയുടെ പ്രവൃത്തികൾ നടത്തിയത് എന്ന് വ്യക്തമാണ്. ഈ കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം 22

/2018-19. 31.01.2020) അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ, കോടഞ്ചേരി പോലെയുള്ള മലയോര ഗ്രാമപഞ്ചായത്തുകളിൽ ഇതുപോലെയുള്ള പാറകൾ സാധാരണമാണെന്നും മുൻപ് ഇത് സംബന്ധിച്ച് ജിയോളജി വിഭാഗം പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടുള്ളതുമാണെന്നും കഴിഞ്ഞ വർഷങ്ങളിലെ പ്രകൃതി ക്ഷോഭങ്ങളിലും ഈ പാറയ്ക്ക് യാതൊരുവിധ സ്ഥാനചലനവും ഉണ്ടായിട്ടില്ല എന്നും വ്യക്തമാക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ SCP/TSP പദ്ധതികളുടെ നിർവഹണം പരിശോധനയ്ക്ക് വിധേയമാക്കി സംസ്ഥാന ഓഡിറ്റ് വകുപ്പ് 2015-16 ൽ പുറപ്പെടുവിച്ച പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ടിലും ഈ പദ്ധതിയെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. കോളനിയിൽ പട്ടികജാതി കുടുംബങ്ങൾ കുറഞ്ഞ് വരികയാണെന്നും ജനറൽ വിഭാഗത്തിലുള്ളവരാണ് ഇപ്പോൾ കൂടുതലെന്നും കോളനിവാസികൾ വെളിപ്പെടുത്തിയതായി റിപ്പോർട്ടിൽ പറയുന്നുണ്ട്. പട്ടികജാതി വിഭാഗത്തിന്റെ ആവശ്യകതയോ പദ്ധതിയുടെ പ്രാധാന്യമോ പരിഗണിക്കാതെയാണ് പ്രവൃത്തി ഏറ്റെടുത്തത് എന്നും പ്രസ്തുത റിപ്പോർട്ട് അടിവരയിട്ട് പറയുന്നു. 2019 മാർച്ച് മാസത്തിൽ എല്ലാ പ്രവൃത്തികളും പൂർത്തിയായിട്ടും 2018-19 ഓഡിറ്റ് നടന്ന സമയത്തും (2020 ജനുവരി മാസത്തിലും) സാംസ്കാരിക നിലയത്തിന്റെ ഉദ്ഘാടനം നടത്താൻ കഴിഞ്ഞിട്ടില്ല എന്നത് ഈ കാര്യം ശരിയാണെന്ന് കാണിക്കുന്നു. കഴിഞ്ഞ വർഷത്തെ പ്രകൃതിക്ഷോഭത്തിൽ കെട്ടിടത്തിന്റെ പിൻവശത്തെ മൺതിട്ട ഇടിഞ്ഞിട്ടുണ്ട്. മലയോര മേഖലകളിൽ ഉരുൾപ്പൊട്ടൽ സാധാരണമാകുന്ന സാഹചര്യത്തിൽ ചെറിയൊരു അശ്രദ്ധ വലിയൊരു ദുരന്തമാകുന്നത് ഒഴിവാക്കാൻ 2018, 2019 വർഷങ്ങളിൽ ഉണ്ടായ പേമാരിയിൽ അടിമണ്ണിന് ഇളക്കം തട്ടിയത് മൂലം പാറയുടെ സ്ട്രക്ചറൽ സ്റ്റെബിലിറ്റിക്ക് ഭംഗം സംഭവിച്ചിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ആയതിനാൽ നിലവിൽ ഈ കെട്ടിടം പ്രവർത്തനയോഗ്യമാണെന്നുള്ള ജിയോളജി വകുപ്പിന്റെ പരിശോധനാ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## **1-25** പട്ടിക ജാതി വിദ്യാർഥികൾക്ക് പഠനമുറി പദ്ധതി നടത്തിപ്പിൽ ഗുണഭോക്താക്കളുടെ അർഹത ഉറപ്പ് വരുത്തിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി,

പ്രൊജക്റ്റ് - 13/19 എസ്. സി. വിദ്യാർഥികൾക്ക് പഠന മുറി

ചെലവ് - 250000/- വികസന ഫണ്ട് (എസ്.സി.പി ഫണ്ട്)

14.02.18 ലെ ജി.ഒ(എം.എസ്) 22/18തസ്വഭവ നമ്പർ ഉത്തരവിലെ 7.2.17 ഖണ്ഡിക പ്രകാരം എസ്.സി വിഭാഗം വിദ്യാർഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കുന്നതിന് വീടിനോട് ചേർന്ന് ഒരു പഠന മുറി നിർമ്മിച്ചു നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. മേൽ ഉത്തരവ് പ്രകാരം പഠന മുറി നൽകുന്ന ഗുണഭോക്താവിന് നിലവിലുള്ള 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിനോട് ചേർന്ന് 100 ചതുരശ്ര അടിയിൽ അധികരിയ്ക്കാതെ പഠന മുറി അനുവദിയ്ക്കാവുന്നതാണ്. 2018-19 വർഷത്തിൽ ആനുകൂല്യം അനുവദിച്ച താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ഈ നിബന്ധന പാലിച്ചാണോ ആനുകൂല്യം നൽകിയിട്ടുള്ളത് എന്ന്

പരിശോധിക്കാൻ വീടിന്റെ പ്ലാൻ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | ബിൽ നമ്പർ/തിയ്യതി |
|---|---|---|
| രഘുനന്ദൻ | 100000 | 17,19/28.03.19, |
| സച്ച സന്തോഷ് | 150000 | 14/15.02.19,12/15.01.19 |
| ആകെ | 250000 | |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.25 /2018-19. 31.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. 2,50,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

# 1-26 തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് നൽകി പ്രവൃത്തി നടത്തുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തെ പ്രൊജക്റ്റുകളിൽ തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തികൾ നിർവ്വഹണം നടത്തിയതായി കാണുന്നു. പ്രൈസ് സോഫ്റ്റ്‌വെയർ പ്രകാരമാണ് എസ്റ്റിമേറ്റ് നിരക്കുകൾ നിർണയിക്കുന്നത്. പി.ഡബ്ല്യു.ഡി ചീഫ് എഞ്ചിനീയറുടെ 19.9.2017 തിയ്യതിയിലെ CE/Admn/ PLA/EMP/1014(a)/05 പ്രകാരം 1.10.2017 മുതൽ കോഴിക്കോടിന് ബാധകമായ കോസ്റ്റ് ഇൻഡക്സ് 37.25 ശതമാനം ആയി പുനർനിർണയിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ചില പ്രോജക്റ്റുകളിൽ പഴയ നിരക്കായ 42.16 ശതമാനം കോസ്റ്റ് ഇൻഡക്സ് നൽകിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്റ്റ് നടപ്പാക്കിയത്.

കോസ്റ്റ് ഇൻഡക്സ് 37.25 ശതമാനം എന്ന തോതിൽ നിർണയിക്കേണ്ടിയിരുന്നതിന് പകരം 42.16 പ്രകാരം നിരക്ക് അനുവദിച്ചതിനാൽ 2018-19ൽ ടെണ്ടർ ചെയ്ത് കരാർ വച്ച ചില പ്രവൃത്തികളിൽ അധികം ചെലവ് ഉണ്ടായിട്ടുണ്ട്. മതിയായ സമയം ലഭ്യമായിട്ടും ഗ്രാമപഞ്ചായത്ത് ഫണ്ട് നഷ്ടപ്പെടാത്ത രീതിയിൽ കുറഞ്ഞ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതിരുന്നത് മൂലം കരാറുകാർക്ക് അധിക തുക നൽകേണ്ടി വന്നിട്ടുണ്ട്. ഇത് എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.

പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവൃത്തികൾ ഏല്പിച്ചുകൊടുക്കുന്നത് പ്രാബല്യതീയതി കഴിഞ്ഞാണെന്നതിനാൽ കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തണമായിരുന്നു. പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താത്പര്യത്തിന് നിർവ്വഹണഉദ്യോഗസ്ഥൻ മുൻ തൂക്കം കൊടുക്കേണ്ടതാണ്. താഴെ പറയുന്ന എല്ലാ പ്രവൃത്തികൾക്കും ടെണ്ടർ ക്ഷണിച്ചതും കരാർ വച്ചതും പുതിയ നിരക്ക് നിലവിൽ വന്ന ശേഷമാണ്. ഇപ്രകാരം ചെയ്യാത്തതിനാൽ കോസ്റ്റ് ഇൻഡെക്സ് ഇനത്തിൽ 4.91 ശതമാനത്തിന്റെ ആധിക്യം ഉണ്ടാകുകയും അത്രയും തുകയുടെ അധികച്ചെലവ് സ്ഥാപനത്തിനുണ്ടാകുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് അധികച്ചെലവുണ്ടായിട്ടുണ്ട്.

| ക്രമ നം | പ്രവൃത്തി, കരാർ | ആകെ ചെലവ് | ബിൽ /ചെക്ക് നം തീയതി |
|---|---|---|---|
| 1 | 205/18-19<br>മീമ്മുട്ടി പുന്നക്കുട്ടി റോഡ് അഭിവൃദ്ധിപ്പെടുത്തൽ AE/LSGD/KDRY/74/17-18/ 23.12.17<br>കരാറുകാരൻ – ശ്രീ.തോമസ് .എ.വി | 400000 | 64//13.03.19 |
| 2 | 206/18-19<br>നെല്ലിപ്പൊയിൽ പൂവത്തിൻ ചുവട് ബൈപാസ് റോഡ് അഭിവൃദ്ധിപ്പെടുത്തൽ AE/LSGD/KDRY/134/17-18/ 03.03.18 കരാറുകാരൻ-.ശ്രീ.റെജി.സി.ജെ | 573593 | 13/01.7.18 |
| 3 | 212/18-19<br>അരമത്ത് പടിമുതുപ്പിലാക്കൽ റോഡ് അഭിവൃദ്ധിപ്പെടുത്തൽ AE/LSGD/KDRY/88/17-18/ 03.01.18 കരാറുകാരൻ-.ശ്രീ.സിബി.എൻ.കെ | 450000 | 43//05.01.19 |
| 4 | 214/18-19<br>മുറംപാത്തി തോട്ടുമുഴി റോഡ് കലുങ്ക് ഡ്രോയിനേജ് AE/LSGD/KDRY/8/17-18/17.12.17<br>കരാറുകാരൻ-.ശ്രീ.വി.സി.ജോസ് | 299512 | 12/01.07.18 |
| 5 | 219/18-19<br>കോലിക്കുന്ന് മണൽക്കടവ് ചെമ്പിലി റോഡ് അഭിവൃദ്ധിപ്പെടുത്തൽ AE/LSGD/KDRY/126/17-18/ 16.02.19 കരാറുകാരൻ-.ശ്രീ.ജോബിഷ് . | 744042 | 23/17.10.18 |
| 6 | 203/18-19<br>പൂവ്വത്തിന് ചുവട് വെള്ളക്കക്കുടി പാത്തിപ്പാറ റോഡ് അഭിവൃദ്ധിപ്പെടുത്തൽ AE/LSGD/KDRY/87/17-18/ 03.01.18 കരാറുകാരൻ-.ശ്രീ.സിബി.എൻ.കെ | 400000 | 9/1.07.18 |

| | | | |
|---|---|---|---|
| 7 | 211/18-19<br>ഫോറസ്റ്റ് ഓഫീസ് വെള്ളമറ്റം പടി റോഡ് അഭിവൃദ്ധിപ്പെടുത്തൽ AE/LSGD/KDRY/89/17-18/ 03.01.18 കരാറുകാരൻ-.ശ്രീ.സിബി.എൻ.കെ | 300000 | 3032807/<br>26.03.19 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (25/2018-19 തീയതി. 31.01.20) മറുപടി ലഭ്യമാക്കിയിട്ടില്ല. കോസ്റ്റ് ഇൻഡക്സ് ഇനത്തിൽ കരാറുകാർക്ക് അധികം നൽകിയ തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# 1-27 കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലെ കുടിവെള്ള പദ്ധതികൾക്കായി പ്രൊജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. ലക്ഷങ്ങൾ ചെലവഴിച്ചിട്ടും പ്രോജക്ടുകൾ ലക്ഷ്യം കാണാതെ മുടക്കിയ പണം പാഴാകുന്ന അവസ്ഥയിലാണ്. പഞ്ചായത്തിന്റെ പണം പാഴാകുന്നതോടൊപ്പം ജനങ്ങൾക്ക് കുടിവെള്ളം ലഭിക്കാതെ പോകുകയും ചെയ്യുന്ന എന്നത് വിഷയത്തിന്റെ ഗൗരവം വർധിപ്പിക്കുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് | വകയിരുത്തിയ തുക | ചെലവ് തുക | ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|
| 1 | വെള്ളിമുണ്ട കുടിവെള്ള പദ്ധതി 157/19 | 400000 | 190913 | വൈദ്യുതി ലഭിച്ചിട്ടില്ല ജലവിതരണം ആരംഭിച്ചിട്ടില്ല |
| 2 | നിരന്നപാറ കുടിവെള്ള പദ്ധതി 160/19 | 700000 | 0 | തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തി നടത്തിക്കൊണ്ടിരിക്കുന്നു എന്നും അത് പൂർത്തിയാകുന്ന മുറയ്ക്ക് ജലവിതരണം ആരംഭിക്കുമെന്ന് അറിയിച്ചിട്ടുണ്ട് |
| 3 | ചെമ്പ് കടവ് കുടിവെള്ള പദ്ധതി 162/19 | 300000 | 0 | നിലവിലുള്ള പദ്ധതിയിൽ പൈപ്പ്ലൈൻ നീട്ടുന്നതിനുള്ള ഈ പ്രവൃത്തി ആരും ഏറ്റെടുത്തിട്ടില്ല |
| 4 | തുഷാരഗിരി കുടിവെള്ള | 500000 | 0 | ടെണ്ടർ ചെയ്ത് ആരംഭിച്ചതാണ്. പി.ഡബ്ല്യു.ഡി റോഡ് മുറിച്ച് പൈപ്പ് |

| | | | | |
|---|---|---|---|---|
| | പദ്ധതി 232/19 | | | ലൈൻ പോകേണ്ടതിനാൽ അനുമതിയ്ക്ക് അപേക്ഷിച്ചിരിക്കുകയാണ് |
| 5 | കുരുശിങ്കൽ കുടിവെള്ള പദ്ധതി 233/19 | 300000 | 299350 | ടാങ്ക് പമ്പിങ്ങ് മെയ്ന് വിതരണ പൈപ്പ്ലൈൻ എന്നിവ സ്ഥാപിച്ച കിണർ പമ്പ്ഹൗസ് എന്നിവ നിർമ്മിയ്ക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പൂർത്തീകരിച്ചാൽ ജലവിതരണം ആരംഭിയ്ക്കും |

ജലവിതരണ പദ്ധതികളുടെ നടത്തിപ്പ് എന്ന ഗ്രാമപഞ്ചായത്തിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി 2018-19 ൽ 9 കുടിവെള്ള പദ്ധതികൾക്കായി തുക വകയിരുത്തി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതികളുടെ നിലവിലുള്ള അവസ്ഥ അറിയുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ മേൽക്കാണിച്ച 5 പദ്ധതികളിലും കുടിവെള്ള വിതരണം ആരംഭിച്ചിട്ടില്ല. 34,50,000/- രൂപ വകയിരുത്തിയിട്ട് 13,82,025/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. യഥാസമയം പ്രവൃത്തി പൂർത്തിയാക്കിയില്ല എന്ന് മാത്രമല്ല 20,67,975/- രൂപ ചെലവഴിക്കാതെ പാഴാക്കുകയും ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ടപ്പോൾ പ്രവൃത്തി പൂർത്തീകരിയ്ക്കാൻ അനുവദിച്ച തുക വേണ്ടി വരാത്തതിനാലും പ്രവൃത്തി ചെയ്യാൻ കരാറുകാരില്ലാത്തതിനാലുമാണ് എന്ന മറുപടി തൃപ്തികരമല്ല. ഈ പദ്ധതികൾ പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്

## 1-28 പൊതുമരാമത്ത് പ്രവൃത്തികൾ- നടത്തിപ്പിലെ അപാകതകൾ

അസിറ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിൽ കണ്ട അപാകതകൾ താഴെ പറയുന്നു.

1. <u>**പൊതു മരാമത്ത് പ്രവർത്തി ബില്ലിൽ നിന്ന് അധികമായി ഓവർ ഹെഡ് ചാർജ് ഈടാക്കുന്നു**</u>

പ്രൈസ് സോഫ്റ്റ്വെയർ വഴി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നത്. ഇപ്രകാരമുള്ള പ്രവൃത്തികളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയിരിക്കുന്നത് ജി.ഓ(ആർ.ടി)2480/ 2010/ തസ്വഭവ/29.07.2010 നമ്പർ ഉത്തരവ് പ്രകാരം 10% ഓവർഹെഡ് ചാർജ്ജും അതിന്മേൽ കരാറുകാരന്റെ 10% ലാഭവും ഉൾപ്പെടുത്തിയാണ്. MoRD സ്പെസിഫിക്കേഷൻ അനുസരിച്ച് തയ്യാറാക്കിയ സ്റ്റാൻഡേർഡ് ഡാറ്റാബുക്ക് പ്രകാരമുള്ള ഡാറ്റയെ അടിസ്ഥാനമാക്കിയാണ് PRICE LSGD ൽ MoRD പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയിരിക്കുന്നത്. സ്റ്റാൻഡേർഡ് ഡാറ്റാബുക്ക് തയ്യാറാക്കുന്നതിനുള്ള അടിസ്ഥാന സമീപനങ്ങളും പൊതു മാനദണ്ഡങ്ങളും വിവരിക്കുന്ന ആമുഖത്തിലെ ഖണ്ഡിക നം. 4 ൽ ഓവർഹെഡ് ചാർജ്ജ് ഉൾപ്പെട്ടതിന്റെ സാഹചര്യം വ്യക്തമാക്കുന്നുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പ്രവൃത്തികൾക്ക് 20% വും OH

കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ചുകൊണ്ടാണെന്ന് മേൽപറഞ്ഞ ഖണ്ഡികയിൽ സൂചിപ്പിക്കുന്നു. ഇവയിൽ പ്രധാനപ്പെട്ടവ പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, വൈദ്യുതി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്, സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്, ലേബർ നിയമ പ്രകാരമുള്ള ചെറിയ തോതിലുള്ള ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്, മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്, MoRD സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്, വാച്ച് & വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്, നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ് തുടങ്ങിയവയാണ്. ഗ്രാമപഞ്ചായത്തിന്റെ റോഡ് പ്രവൃത്തികൾ പരിഗണിക്കുമ്പോൾ മേൽപറഞ്ഞവ അപ്രസക്തമായ ഘടകങ്ങൾ ആണ്. ഗ്രാമപഞ്ചായത്തുകളുടെ പ്രത്യേക സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതായതു കൊണ്ടും ഇതുതന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രോജക്ട് ചെലവ് മാത്രം വരുമെന്നതിനാലും മേൽപറഞ്ഞ ചെലവുകൾ കരാറുകാരന് വഹിക്കേണ്ടി വരുന്നില്ല. എന്നാൽ വലിയ പ്രവൃത്തികൾക്കെന്ന പോലെ ഓവർഹെഡ് ചാർജ്ജ് പൂർണ്ണമായും (10%) നൽകുന്നത് അനർഹമാണ്. കൂടാതെ ഇത് പഞ്ചായത്തിന് വൻ സാമ്പത്തിക നഷ്ടവും ഉണ്ടാക്കുന്നു. ഈ സോഫ്റ്റ്‌വെയറിൽ തന്നെ തയ്യാറാക്കുന്ന MoRTH സ്പെസിഫിക്കേഷനിൽ റോഡ് നിർമ്മാണത്തിന് 5% ഓവർഹെഡ് ചാർജ്ജാണ് നല്കിവരുന്നത്. മേൽ സാഹചര്യത്തിൽ കരാറുകാർക്ക് ഓവർഹെഡ് ചാർജ്ജിനത്തിൽ 10% അനുവദിയ്ക്കുന്നത് അനർഹമായ പണം നൽകലും പഞ്ചായത്ത് ഫണ്ടിന്റെ ദുരുപയോഗവുമാണ്. അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ കോണ്ടു വരേണ്ടതാണ്.

2.**കണക്ടിവിറ്റി മാപ്പില്ലാതെ റോഡു പ്രവർത്തികൾ നടപ്പിലാക്കുന്നു**

റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ രൂപീകരിക്കേണ്ടത്. പഞ്ചായത്ത് തൻ വർഷം തയ്യാറാക്കിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ സമഗ്രമായ പദ്ധതികൾ തയ്യാറാക്കാതെ ചെറിയ ചെയിനേജിലുള്ള ധാരാളം പ്രവൃത്തികൾ നടപ്പിലാക്കുന്നത് മൂലം ഫണ്ട് വിനിയോഗം ഫലപ്രദമാകുന്നില്ല. കണക്ടിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിലല്ല പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. ഇത്തരത്തിൽ കണക്ടിവിറ്റി മാപ്പില്ലാതെ പദ്ധതി നടപ്പാക്കുന്നത് പ്രോജക്ടുകളുടെ എണ്ണം കൂടാനും പ്രവൃത്തികളിൽ ഇരട്ടിപ്പ് ഉണ്ടാകുന്നതിനും പാഴ് ചെലവുണ്ടാകുന്നതിനും സാഹചര്യം ഉണ്ടാക്കുന്നു. ഭാവിയിൽ പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ കണക്ടിവിറ്റി മാപ്പും റോഡ് ഭൂപടവും തയ്യാറാക്കേണ്ടതാണ്

3.**റോഡു രജിസ്റ്റർ പൂർണമല്ല**

പഞ്ചായത്ത് തൻവർഷം നടപ്പിലാക്കിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ പലതും പഞ്ചായത്തിലെ റോഡ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. റോഡ് റജിസ്റ്റർ പൂർത്തിയാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

4.**ആസ്തി രജിസ്റ്റർ പൂർണമല്ല.**

പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികൾ പൂർണമായും ആസ്തി രജിസ്റ്ററിൽ ചേർത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ പൂർത്തിയാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

5. **കരാറുകാർ ബിറ്റമിൻ വാങ്ങിയതിന്റെ ബില്ലുകൾ ലഭ്യമല്ല**

റോഡു പ്രവൃത്തികളിൽ ബിറ്റുമിൻ കരാറുകാർ നേരിട്ട് വാങ്ങി ഉപയോഗിക്കുകയാണ് ചെയ്യത്. കരാറുകാർ പോതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് ബിറ്റുമിൻ വാങ്ങിയതിന്റെ ബില്ലുകളൊന്നും പ്രവൃത്തി ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വാങ്ങിയ ബിറ്റുമിന്റെ ഗുണനിലവാരവും അളവുമൊന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

7. **പ്രവൃത്തികളുടെ എണ്ണത്തിലുള്ള ബാഹുല്യം ഫണ്ട് നഷ്ടമാകുന്നതിനിടയാക്കുന്നു**

പഞ്ചായത്ത് തൻവർഷം 177 പൊതുമരാമത്ത് പ്രവൃത്തികൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ട് . ഇതിൽ 57 എണ്ണം നടപ്പിലാക്കിയിട്ടില്ല. ഈ പ്രവൃത്തികൾക്ക് വേണ്ടി വകയിരുത്തിയ തുകകൾ പഞ്ചായത്തിന് നഷ്ടമായി. കൂടാതെ ഈ വർഷത്തെ ഫണ്ടിൽ നിന്ന് 58 സ്പിൽ ഓവർ പ്രവൃത്തികൾക്ക് തുക വകയിരുത്തി ചെലവഴിയിക്കേണ്ടതായി വന്നിട്ടുണ്ട്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

# 1-29 കരാർ പ്രകാരം പ്രവർത്തി പൂർത്തിയാക്കാത്തതിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല.

2018-19 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കരാറുകാരനിൽനിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 1.2.2012 തീയതിയിലെ ജി.ഒ(പി)13/2012/ പി.ഡബ്ല്യു.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിനുള്ളിൽ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ.ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്.

| ക്രമ നം | പ്രൊജക്ട് | ചെലവ് | കരാറുകാരൻ, എഗ്രി.നമ്പർ തിയ്യതി. | ടി.എസ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലയളവ്/ സൈറ്റ് കൈമാറിയ തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി എം. ബുക്ക് പ്രകാരം | പൂർത്തീകരണം വൈകിയ കാലയളവ് | ഈടാക്കേണ്ട പിഴ പി.എ.സി തുകയുടെ ശതമാനത്തിൽ | പിഴ (രൂ) |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | 212/18-19<br>അമരത്ത്പടി മുളപ്പിലാക്കൽ പടി റോഡ് അഭിവൃദ്ധി പ്പെടുത്തൽ | 450000<br>(റോഡ് മെയിന്റനൻസ് ഫണ്ട്)<br>ബിൽ നം.<br>43/05.1.19 | ശ്രീ.സിബി. എൻ.കെ<br>88/17-18/ 03.01.18 | 6 മാസം<br>03.01.18 | 16.10.2018<br>എം.ബുക്ക്<br>(02/18-19)<br>കരാർ കാലാവധി കഴിഞ്ഞ് 12.09.18 നാണ് പ്രവൃത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ. സി തുക 450000 രൂപയുടെ 3% | 13500 |
| 2 | 238/18-19<br>ഈരുട് സ്കൂളിൽ ശിശു സൗഹൃദ ടോയ് ലെറ്റ് | 86593<br>(വികസന ഫണ്ട്)<br>ബിൽ നം.<br>59/04.02.19 | ശ്രീ.റെജി. സി.ജെ<br>47/17-18/ 13.12.17 | 6മാസം<br>13.12.17 | 01.12.18<br>എം.ബുക്ക്<br>(120/17-18)<br>കരാർ കാലാവധി കഴിഞ്ഞ് 05.09.18 നാണ് പ്രവൃത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ.സി തുക 100000 രൂപയുടെ 3% | 3000 |
| 3 | 244/18-19<br>കണ്ണോത്ത് അമങ്കണവാടി അഭിവൃദ്ധി പ്പെടുത്തൽ | 122703<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>ബിൽ നം<br>48/15.1.19 | ശ്രീ.കെ.വേണു. 19/17-18 /8.12.17 | 6 മാസം<br>08.12.17 | 12.11.18<br>എം.ബുക്ക്<br>(116/17-18)<br>കരാർ കാലാവധി കഴിഞ്ഞ് 29.10.18 നാണ് പ്രവൃത്തി തുടങ്ങിയത് | ഒറിജിനൽ കാലാ വധിയുടെ 50 ശത മാനത്തിൽ കൂടുതൽ. | പി.എ.സി തുക 145848<br>രൂപയുടെ 3% | 4375 |
| 4 | 237/18-19<br>അമ്മായിക്കോട് എസ്.സി | 361260<br>(എസ്.സി.പി ഫണ്ട്) | ശ്രീ.റെജി. സി.ജെ<br>50/17-18/ | 6 മാസം<br>23.12.17 | 18.02.19<br>എം. ബുക്ക്<br>(59/18-19) | ഒറിജിനൽ കാലാവധി യുടെ 50 | പി.എ.സി തുക 457549. | 13726 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | സാസ്കാരിക നിലയം | ബിൽ നം. 78/13.3.19 | 23.12.17 | | കരാർ കാലാവധി കഴിഞ്ഞ് 17.11.18 നാണ് പ്രവൃത്തി തുടങ്ങിയത് | ശതമാന ത്തിൽ കൂടുതൽ. | 04 രൂപയുടെ 3% | |
| 5 | 211/18-19 ഫോറസ്റ്റ് ഓഫീസ് വെള്ളമറ്റം റോഡ് അഭിവൃദ്ധി പ്പെടുത്തൽ | 300000 (തനത് ഫണ്ട്) ബിൽ നം. 3032807/ 26.3.19 | ശ്രീ. സിബി. എൻ.കെ 89/ 17-18 / 03.1.18 | 6മാസം 03.01.18 | 17.10.18 എം.ബുക്ക് (1/18-19) കരാർ കാലാവധി കഴിഞ്ഞ് 12.09.18 നാണ് പ്രവൃത്തി തുടങ്ങിയത് | ഒറിജിനൽ കാലാ വധിയുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ.സി തുക 300000 രൂപയുടെ 3% | 9000 |
| 6 | 242/18-19 കാട്ടിപ്പൊയിൽ കുടിവെള്ള പദ്ധതി അഭിവൃദ്ധി പ്പെടുത്തൽ പൈപ്പലൈൻ നീട്ടൽ | 209283 (ധനകാര്യ കമ്മീഷൻ അവാർഡ്) ബിൽ നം80/19.03.19 | ശ്രീ.തോമസ്. എ.വി .73/ 17-18/23.12.18 | 6 മാസം 23.12.18 | 15.11.18 എം.ബുക്ക് (58/17-18) കരാർ കാലാവധി കഴിഞ്ഞ് 02.11-18 നാണ് പ്രവൃത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ.സി തുക 249645 രൂപയുടെ 3% | 7489 |
| 7 | 205/18-19 മീമുട്ടി പുന്നക്കുട്ടി റോഡ് അഭിവൃദ്ധി പ്പെടുത്തൽ | 400000 (എം.ജി.ആർ . ഫണ്ട്) ബിൽ നം. 64/13.03.19 | ശ്രീ.തോമസ്. എ.വി 74/17-18/ 23.12.17 | 6മാസം 23.12.17 | 30.11.18 എം.ബുക്ക് (122/17-18) കരാർ കാലാവധി | ഒറിജിനൽ കാലാവധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ.സി തുക 400000 രൂപയുടെ 3% | 12000 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | കഴിഞ്ഞ് 05.10.18 നാണ് പ്രവൃത്തി തുടങ്ങിയത് | | | |
| | | | | | | | ആകെ | 63090 |

മേൽ പ്രവൃത്തികളിൽ എഗ്രിമെന്റിനോടൊപ്പം പ്രവൃത്തി കലണ്ടർ ഇല്ല. ടിഎസ് സ്ലിപ്പ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരണ കാലാവധിയാണ് ചേർത്തിട്ടുള്ളത്.

മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്ത വണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരാമവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇവിടെ എല്ലാ പ്രവൃത്തികളിലും ദീർഘീകരണം 50% ലും കൂടുതലാണ്. വളരെയധികം കാലം കഴിഞ്ഞാണ്. പ്രവൃത്തി ആരംഭിയ്ക്കുന്നത്. ഇങ്ങനെ പ്രവർത്തി പൂർത്തീകരിയ്ക്കുന്നതിന് വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെ യാതൊരു നടപടികളും സ്വീകരിയ്ക്കുന്നില്ല. ഇത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാകാതിരിക്കുന്നതിനും സ്പിൽ ഓവർ ആകുന്നതിനും ഫണ്ട് നഷ്ടമാകുന്നതിനും ഇടയായിട്ടുണ്ട് സെക്ഷൻ 2005 പ്രകാരം സൈറ്റ് കൈമാറുന്ന തീയതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. പ്രവൃത്തികളിലൊന്നും തന്നെ കാലയളവ് ദീർഘീകരണത്തിന് കരാറുകാർ എ.ഇ മുഖേന അപേക്ഷിച്ചിട്ടില്ല. പൂർത്തീകരണ കാലാവധി സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്യാത്തതിനും, ദീർഘീകരണം ലഭ്യമാകാതെ പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം വരുത്തിയ കരാറുകാരനെതിരെ നടപടിയൊന്നും എടുക്കാതെ ഫൈനൽ ബിൽ തുക നൽകുന്നതിനും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (26/18-19) ലഭ്യമാക്കിയ മറുപടിയിൽ കഴിഞ്ഞ 2 കാലവർഷങ്ങളിലുണ്ടായ പ്രകൃതിക്ഷോഭങ്ങളോടനുബന്ധിച്ച പ്രവർത്തനങ്ങൾ കാരണമാണ് രേഖാമൂലം പ്രവൃത്തി കാലാവധി ദീർഘിപ്പിച്ച് നൽകാൻ സാധിക്കാതിരുന്നത് എന്ന മറുപടി തൃപ്തികരമല്ല. കാരണം മേൽ പരാമർശിച്ച പ്രവൃത്തികൾക്കായി സ്ഥലം കൈമാറിയിട്ടുള്ളത് 12/2017, 1/2018, 12/2018 എന്നീ മാസങ്ങളിലാണ്. പിഴയിനത്തിൽ ഈടാക്കേണ്ട 63,090/- രൂപ പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

## 1-30 സാംസ്കാരിക നിലയങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ല.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലെ സാംസ്കാരിക നിലയങ്ങളുടെ നിർമ്മാണത്തിനും, നിർമ്മാണം പൂർത്തീകരിയ്ക്കുന്നതിനുമായി വിവിധ

പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. മിക്ക പദ്ധതികളിലും കെട്ടിടനിർമ്മാണം പൂർത്തിയായിട്ടും കെട്ടിടത്തിൽ സാസംസ്കാരിക നിലയം പ്രവർത്തിക്കാതെ ഉപയോഗരഹിതമായി കിടക്കുകയാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് | റിമാർക്ക്സ് |
|---|---|---|
| 1 | കുരോട്ടുപാറ സാസ്കാരിക നിലയം നിർമ്മാണം 230/19 (ചെക്ക് നം. 1545270/18-19/05.03.19, 706858/-) കരാർ തുക 7,64,578/- | കെട്ടിടത്തിന്റെ സ്ട്രക്ചർ നിർമ്മാണം 12.6.18 ന് പൂർത്തിയായി. കെട്ടിടത്തിൽ വെള്ളം, വൈദ്യുതി ഫർണിച്ചർ എന്നിവ ഏർപ്പെടുത്തി. കെട്ടിടത്തിൽ സാംസ്കാരിക നിലയം പ്രവർത്തന മാരംഭിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. |
| 2 | കുരോട്ടുപാറ സാസ്കാരിക നിലയം പൂർത്തീകരണം 171/19 (ചെക്ക് നം. / 18-19 /05.03.19, 4,49,971/-) | സമഗ്രമായി പദ്ധതി തയ്യാറാക്കാതെ ഓരോ പ്രവൃത്തിയ്ക്കായി വ്യത്യസ്ത പദ്ധതികൾ തയ്യാറാക്കുന്നതിന് വിശദീകരണവും കെട്ടിടത്തിൽ വെള്ളം വൈദ്യുതി ഫർണിച്ചർ എന്നിവ ഏർപ്പെടുത്തി സാംസ്കാരിക നിലയം പ്രവർത്തനമാരംഭിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. |
| 3 | വെണ്ടേക്കം പോയിൽ സാംസ്കാരിക നിലയം 167/19<br>(ബിൽ നം. 73/18-19/ 14.3.19 2,50,000/- | സാംസ്കാരിക നിലയത്തിന്റെ പ്രവൃത്തി പൂർത്തിയാക്കി കെട്ടിടത്തിൽ വെള്ളം വൈദ്യുതി ഫർണിച്ചർ എന്നിവ ഏർപ്പെടുത്തി സാംസ്കാരിക നിലയം പ്രവർത്തന മാരംഭിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. |
| 4 | കാഞ്ഞിരോട് സാംസ്കാരിക നിലയം 169/19 ചെലവില്ല | 2,00,000/- രൂപ വകയിരുത്തിയ പ്രവൃത്തി നടപ്പിലാക്കിയിട്ടില്ല. സാംസ്കാരിക നിലയം പ്രവർത്തിക്കുന്നത് സംമ്പന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ്. |
| 5 | തെയ്യപ്പാറ സാംസ്കാരിക നിലയം | സാംസ്കാരിക നിലയത്തിന്റെ പ്രവൃത്തി |

| | | |
|---|---|---|
| | നിർമ്മാണം 170/19<br>(ചെക്ക് നം. / 18-19 4,91,756/- | പൂർത്തിയാക്കി കെട്ടിടത്തിൽ വെള്ളം വൈദ്യുതി ഫർണിച്ചർ എന്നിവ ഏർപ്പെടുത്തി കെട്ടിടത്തിൽ സാംസ്കാരിക നിലയം പ്രവർത്തനമാരംഭിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. |
| 6 | വട്ടചിറകോളനി സാംസ്കാരിക നിലയം ട്രൈബൽ ഡവലപ്പ്മെന്റ് വകുപ്പ് ബി-321/14 ഉത്തരവ് പ്രകാരം 2015-16 വർഷത്തിൽ അനുവദിച്ച കോർപ്പസ് ഫണ്ട് 749815 രൂപ ഉപയോഗിച്ച് നിർമ്മിച്ചു<br>(ചെക്ക് 1545235/21.05.18) | സാംസ്കാരിക നിലയത്തിന്റെ പ്രവൃത്തി പൂർത്തിയാക്കി കെട്ടിടത്തിൽ വെള്ളം വൈദ്യുതി ഫർണിച്ചർ എന്നിവ ഏർപ്പെടുത്തി കെട്ടിടത്തിൽ സാംസ്കാരിക നിലയം പ്രവർത്തനമാരംഭിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. |

മേൽ കാണിച്ച പ്രകാരം പദ്ധതികൾ സാംസ്കാരിക നിലയങ്ങളുടെ പ്രവൃത്തികൾക്കായി തൻവർഷം നടപ്പിലാക്കിയിട്ടുണ്ട് . ഈ പദ്ധതികളുടെ വിശദാംശങ്ങളും നിലവിലുള്ള പ്രവർത്തങ്ങളും വിശദമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 21/2018-19. 31.01.2020 ന് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ 4, 6 എന്നിവ മാത്രമാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. ബാക്കിയുള്ള 4 സാംസ്കാരിക നിലയങ്ങളുടെയും പ്രവർത്തനം ആരംഭിച്ച് വിവരം അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതി ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതാണ്.

## 1-31 പെൻഷൻ കോൺട്രിബ്യൂഷൻ കുടിശ്ശിക നാളിതുവരെ അടവാക്കിയില്ല.

2014 ജൂലൈ മുതൽ 2016 ജനവരി വരെയുള്ള കാലയളവിൽ പഞ്ചായത്തിൽ ജോലി ചെയ്ത ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചതിന്റെ ഭാഗമായി കുടിശ്ശിക തുക നാലു ഗഡുക്കളായി ജീവനക്കാർക്ക് ലഭിച്ചിരുന്നു. (രണ്ട് ഗഡു 2017-18 ൽ പി.എഫ്. ൽ ലയിപ്പിച്ചു.) എന്നാൽ കുടിശ്ശിക ലഭിച്ച തുകക്ക് അനുസൃതമായി പെൻഷൻ വിഹിതം പഞ്ചായത്ത് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നാളിതുവരെ അടവാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ: 18/19 , 30/01/2020)മറുപടി ലഭ്യമാക്കിയിട്ടില്ല. തുക കണക്കാക്കി അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 എസ്.എസ്.എ . വിഹിതം നൽകൽ - അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രൊജക്ട് നം. : 25/19

അടങ്കൽ : 5,00,000/-രൂപ

നിർവ്വഹണം : ഹെഡ്മാസ്റ്റർ

മേൽ പ്രൊജക്ട് പ്രകാരം 2018-19 വർഷം 5,00,000/-രൂപ എസ്.എസ്.എ. വിഹിതമായി (ബിൽ നം.4/18-19/18.12.2018) പ്രൊജക്ട് ഓഫീസർക്ക് അനുവദിച്ചിരുന്നു. പ്രസ്തുത തുകയുടെ കൈപ്പറ്റ് രശീത്, തുക വിനിയോഗിച്ചതു സംബന്ധിച്ച വിശദമായ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ രേഖകളുടെ അഭാവത്തിൽ 5,00,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത രേഖകൾ ഓഡിറ്റിൽ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-33 മുട്ട ഗ്രാമം വനിത പദ്ധതി - മോണിറ്ററിംഗിലെ വീഴ്ച കാരണം ഫലപ്രാപ്തി കൈവരിച്ചില്ല

വെറ്ററിനറി സർജ്ജൻ നടപ്പിലാക്കിയ മുട്ട ഗ്രാമം പദ്ധതിയ്ക്കായി വികസന ഫണ്ട് പൊതുവിഭാഗം (സാധാ) 1,25,000/- രൂപ, ജില്ല പഞ്ചായത്ത് വിഹിതം 1,25,000/- രൂപ, ഗുണഭോക്തൃ വിഹിതം 2,50,000/- എന്നിങ്ങനെ 5,00,000/- രൂപയായിരുന്നു പദ്ധതി അടങ്കൽ. ഈ പദ്ധതി പ്രകാരം 170 ഗുണഭോക്താക്കൾക്ക് 25 കോഴിക്കുഞ്ഞുങ്ങളെ വീതം വിതരണം ചെയ്തിരുന്നു. 4,25,000/- രൂപയാണ് പദ്ധതി ചെലവ് വന്നത്.

മുട്ട ഉൽപാദനത്തിന്റെ കാര്യത്തിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച ഈ പദ്ധതി മേൽനോട്ടത്തിലുണ്ടായ ജാഗ്രതക്കുറവിനാൽ വിജയം കൈവരിച്ചില്ല. ഗുണഭോക്താക്കൾക്ക് ലഭിച്ച 25 കോഴിക്കുഞ്ഞുങ്ങളിൽ പകുതിയും പൂർണ്ണ വളർച്ചയെത്താതെ ചത്തു പോയതായാണ് അന്വേഷണത്തിൽ നിന്നും വ്യക്തമായത്. പദ്ധതിയിൽ കോഴിക്കൂട് ഉൾപ്പെടുത്താത്തതു കാരണം പല ഗുണഭോക്താക്കളും കാർഡ് ബോർഡ് പെട്ടിയിലും മറ്റുമാണ് കോഴിക്കുഞ്ഞുങ്ങളെ വളർത്തിയിരുന്നത്. കോഴിക്കുഞ്ഞുങ്ങളെ വേർതിരിച്ച് പിടക്കോഴികളെ മാത്രം ഗുണഭോക്താക്കൾക്ക് നൽകാതിരുന്നതിനാൽ അവർക്ക് ലഭിച്ച കോഴികളിൽ പലതും പൂവൻ കോഴിക്കുഞ്ഞുങ്ങളായിരുന്നു. കോഴിക്കുഞ്ഞുങ്ങളിൽ നിന്നും പിടക്കോഴിയെ വേർതിരിക്കുന്നതിന് ആധുനിക സംവിധാനങ്ങളുള്ള സാഹചര്യത്തിൽ ഇപ്രകാരം പൂവൻ കുഞ്ഞുങ്ങളെ ലഭ്യമാക്കിയത് പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയാണ്. ധാരാളം മുട്ടകൾ അന്യ സംസ്ഥാനങ്ങളിൽ നിന്നും മറ്റും വിപണനത്തിനായി ഗ്രാമപഞ്ചായത്തു പ്രദേശത്ത് എത്തുന്നുണ്ട് എന്ന് അന്വേഷണത്തിൽ മനസ്സിലായി. വളരെ കുറച്ച് മുട്ടകൾ മാത്രമേ പഞ്ചായത്ത് പ്രദേശത്ത് പ്രാദേശികമായി ഉൽപാദിപ്പിക്കപ്പെടുന്നുള്ളു. ഈ മുട്ടകളെല്ലാം തന്നെ മറ്റു കോഴികർഷകർ വളർത്തുന്ന കോഴികളിൽ നിന്നും ഉൽപാദിപ്പിച്ചവയുമാണ്. പദ്ധതി ലക്ഷ്യം കൈവരിച്ചോയെന്ന് ഉറപ്പാക്കുന്നതിനായി യാതൊരു തരത്തിലുമുള്ള വിലയിരുത്തലോ, മോണിറ്ററിംഗോ വർക്കിംഗ് ഗ്രൂപ്പിന്റേയോ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയോ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല എന്നത് ഫീൽഡ് തല അന്വേഷണത്തിൽ നിന്നും മനസ്സിലാകുന്നു. ഇക്കാരണങ്ങളാലെല്ലാം തന്നെ ഈ പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിൽ പരാജയപ്പെട്ടുവെന്ന് വ്യക്തമാകുന്നു. നടത്തിപ്പിലെ വീഴ്ചകൾക്ക് വിശദീകരണം നൽകേണ്ടതും പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കേണ്ടതുമാണ്.

# 1-34 ലൈഫ് മിഷൻ ഭവന പദ്ധതി : അവലോകനം

അഞ്ച് വർഷത്തിനുള്ളിൽ സംസ്ഥാനത്തെ മുഴുവൻ ഭവനരഹിതർക്കും വീട് വെച്ചു കൊടുക്കുവാനും തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സാമൂഹ്യ പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാക്കുന്നതിനുമുള്ള സംവിധാനം ഒരുക്കുക എന്ന ഉദ്ദേശത്തോടെയും സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ദൗത്യമാണ് ലൈഫ് മിഷൻ. സാമ്പത്തിക സേവനങ്ങളുൾപ്പെടെയുള്ള എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടേയും പ്രയോജനം ഗുണഭോക്താക്കളിൽ കേന്ദ്രീകരിക്കാനുതകുന്ന സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നതും ലൈഫ് മിഷന്റെ ലക്ഷ്യങ്ങളിൽപ്പെടുന്നു. സ്വന്തമായി ഭൂമിയുള്ള ഭവന രഹിതർ, ഭവന നിർമ്മാണം ഭാഗികമായി മാത്രം പൂർത്തിയാക്കി ഭവനരഹിതരായി തുടരുന്നവർ, വാസയോഗ്യമല്ലാത്ത വീടുള്ളവർ, പുറംമ്പോക്കിലോ തീരദേശ മേഖലയിലോ തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ, ഭൂമിയില്ലാത്ത ഭവനരഹിതർ എന്നിവരാണ് ലൈഫ് മിഷൻ പദ്ധതിയുടെ ഗുണഭോക്താക്കൾ.

കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ സാമ്പത്തിക വർഷത്തിൽ ലൈഫ് മിഷൻ ഭവന പദ്ധതി പ്രകാരം അർഹരായ എഗ്രിമെന്റ് വെച്ച 30 ഗുണഭോക്താക്കളും 2018-19 ൽ ഭവനനിർമ്മാണം പൂർത്തീകരിച്ച പദ്ധതി ലക്ഷ്യം കൈവരിച്ചു എന്നത് അഭിനന്ദനാർഹമാണ്. എന്നാൽ വിവിധങ്ങളായ കാരണങ്ങളാൽ ലൈഫ് ഭവന പദ്ധതി ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാതെ പോയ 200 ൽ പരം ഭവനരഹിതർ പഞ്ചായത്ത് പരിധിയിൽ ഇപ്പോഴുമുണ്ട്. ഇവർക്ക് ഭവനം നിർമ്മിച്ചു നൽകുന്നതിനായി സർക്കാർ തലത്തിൽ ഇടപെട്ട് നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

# 1-35 പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം - ലക്ഷ്യങ്ങൾ നിറവേററുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ പങ്ക്

പൊതു വിദ്യാലയങ്ങളിലെത്തുന്ന ഓരോ വിദ്യാർത്ഥിയുടെയും നൈസർഗ്ഗികമായ കഴിവുകൾ കണ്ടെത്തി അഭിരുചികൾക്കനുസൃതമായി പരമാവധി വികസിപ്പിക്കാൻ പ്രാപ്തമാകുന്ന രീതിയിൽ സമൂഹത്തിന്റെ പൊതു ആസ്തികളായി സ്കൂളുകളെ മാറ്റുകയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം ലക്ഷ്യമാക്കുന്നത്. ഇതിന് പര്യാപ്തമായ രീതിയിൽ പൊതു വിദ്യാലയങ്ങളിലെ പഠന ബോധന പ്രക്രിയയുടെ ഗുണനിലവാരം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തി വിദ്യാർത്ഥികളുടെ അറിവ്, നൈപുണികൾ, മനോഭാവം എന്നിവ ലോകോത്തര നിലവാരത്തിലേക്കുയർത്തണം.

ഓരോ തദ്ദേശ ഭരണസ്ഥാപനത്തിന്റെ പരിധിയിലുള്ള പ്രീ പ്രൈമറി മുതൽ ഹയർ സെക്കണ്ടറി വരെയുള്ള സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് ക്ലാസ് മുറികൾ ഹൈടെക് ക്ലാസ് മുറികളാക്കുകയും ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യമുൾപ്പെടെ വിദ്യാർത്ഥികളിൽ ആശയവിനിയമശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യാവുന്നതാണ്. ലബോറട്ടറി, ലൈബ്രറി, കലാ-കായിക പഠനസൗകര്യങ്ങൾ തുടങ്ങിയ മേൻമയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഓരോ പൊതു വിദ്യാലയത്തിലും ഉറപ്പാക്കേണ്ടതാണ്.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ വാർഷിക പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുവേണ്ടി വിദ്യാഭ്യാസ മേഖലാ വർക്കിംഗ് ഗ്രൂപ്പ് പൊതു വിദ്യാഭ്യാസ സംരക്ഷണ മിഷന്റെ കർമ്മസേനയായി പ്രവർത്തിക്കുന്നതാണ്.

വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ, മേൽ പറഞ്ഞ പദ്ധതി ലക്ഷ്യം സാക്ഷാത്കരിക്കുന്ന വിധത്തിലുള്ള ചർച്ചകളോ, നിർദ്ദേശങ്ങളോ വർക്കിംഗ് ഗ്രൂപ്പിൽ നടന്നു കാണുന്നില്ല.

2018-19 ൽ വിദ്യാഭ്യാസമേഖലയിൽ നടപ്പാക്കിയ പ്രൊജക്ടുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ടിന്റെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | എസ്.എസ്.എ.വിഹിതം നൽകൽ | 500000 | 500000/- (വികസന ഫണ്ട്) |

| | | | |
|---|---|---|---|
| 2 | പട്ടിക വർഗ്ഗവിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം | 200000 | 199950/- (വികസന ഫണ്ട്) |
| 3 | എസ്.എസ്.എൽ.സി.തുല്യതപരീക്ഷ | 19500 | 18500/- (വികസന ഫണ്ട്) |
| 4 | പ്ലസ്ടു തുല്യതപരീക്ഷ | 11250 | 11250/- (വികസന ഫണ്ട്) |

കുട്ടികളുടെ നൈസർഗ്ഗികമായ കഴിവുകൾ വളർത്തുന്നതിന് ഉതകുന്ന പ്രൊജക്ടുകൾ തൻവർഷം ആവിഷ്ക്കരിച്ച് കാണുന്നില്ല. എസ്.എസ്.എ.വിഹിതം നൽകുന്നതിന് മുന്നോടിയായി പ്രൊജക്ട് സംബന്ധിച്ച വിശദമായ ചർച്ചകൾ വർക്കിംഗ് ഗ്രൂപ്പിലോ മറ്റു കമ്മിറ്റികളിലോ നടത്തിയതായി കാണുന്നില്ല. പ്രൊജക്ട് പൂർത്തിയാക്കിയത് സംബന്ധിച്ച വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപ്രദേശങ്ങളിലെ വിദ്യാർത്ഥികളിൽ ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യമുൾപ്പെടെ ആശയവിനിമയശേഷി വർദ്ധിപ്പിക്കുന്നതിനും ലാബോറട്ടറി, ലൈബ്രറി സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പ്രൊജക്ടുകളൊന്നും തന്നെ ഏറ്റെടുത്തു നടപ്പാക്കിയിട്ടില്ല.

പ്രൊജക്ടുകളുടെ ആസൂത്രണത്തിന് മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പിന്റെ (കർമ്മസേന) നേതൃത്വത്തിൽ ഏറ്റവും പുതിയ സ്ഥിതിവിവര കണക്കുകൾ ഉൾപ്പെടുത്തി സ്റ്റാറ്റസ് റിപ്പോർട്ട് പുതുക്കേണ്ടതും ആയതിനനുസരിച്ച് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യം നിറവേറ്റാനുതകുന്ന പ്രൊജക്ടുകൾ ആസൂത്രണം ചെയ്തു നടപ്പാക്കേണ്ടതുമാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 2-1

ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

# [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 കരാർ പ്രകാരം പ്രവർത്തി പൂർത്തിയാക്കാത്തതിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല.

2018-19 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കരാറുകാരനിൽനിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 1.2.2012 തീയതിയിലെ ജി.ഒ(പി)13/2012/ പി.ഡബ്ല്യു.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിനുള്ളിൽ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ.ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്.

| ക്രമനം | പ്രൊജക്ട് | ചെലവ് | കരാറുകാരൻ, എഗ്രി.നമ്പർ തിയ്യതി. | ടി.എസ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലയളവ്/ സൈറ്റ് കൈമാറിയ തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി എം. ബുക്ക് പ്രകാരം | പൂർത്തീകരണം വൈകിയ കാലയളവ് | ഈടാക്കേണ്ട പിഴ പി.എ.സി തുകയുടെ ശതമാനത്തിൽ | പിഴ (രൂ) |
|---|---|---|---|---|---|---|---|---|
| 1 | 212/18-19 അമരത്ത്പടി മുളപ്പിലാക്കൽ പടി റോഡ് | 450000 (റോഡ് മെയിന്റനൻസ് ഫണ്ട്) | ശ്രീ.സിബി. എൻ.കെ 88/17-18/ 03.01.18 | 6 മാസം 03.01.18 | 16.10.2018 എം.ബുക്ക് (02/18-19) | ഒറിജിനൽ കാലാവധിയുടെ 50 ശതമാന | പി.എ.സി തുക 450000 രൂപയുടെ 3% | 13500 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | അഭിവൃദ്ധി പ്പെടുത്തൽ | ബിൽ നം. 43/05.1.19 | | | കരാർ കാലാവധി കഴിഞ്ഞ് 12.09.18 നാണ് പ്രവൃത്തി തുടങ്ങിയത് | ത്തിൽ കൂടുതൽ. | | |
| 2 | 238/18-19 ഈരൂട് സ്കൂളിൽ ശിശു സൗഹൃദ ടോയ് ലെറ്റ് | 86593 (വികസന ഫണ്ട്) ബിൽ നം. 59/04.02.19 | ശ്രീ.റെജി. സി.ജെ 47/17-18/ 13.12.17 | 6മാസം 13.12.17 | 01.12.18 എം.ബുക്ക് (120/17-18) കരാർ കാലാവധി കഴിഞ്ഞ് 05.09.18 നാണ് പ്രവൃത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ.സി തുക 100000 രൂപയുടെ 3% | 3000 |
| 3 | 244/18-19 കണ്ണോത്ത് അങ്കണവാടി അഭിവൃദ്ധി പ്പെടുത്തൽ | 122703 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) ബിൽ നം 48/15.1.19 | ശ്രീ.കെ.വേണു. 19/17-18/ 8.12.17 | 6 മാസം 08.12.17 | 12.11.18 എം.ബുക്ക് (116/17-18) കരാർ കാലാവധി കഴിഞ്ഞ് 29.10.18 നാണ് പ്രവൃത്തി തുടങ്ങിയത് | ഒറിജിനൽ കാലാ വധിയുടെ 50 ശത മാനത്തിൽ കൂടുതൽ. | പി.എ.സി തുക 145848 രൂപയുടെ 3% | 4375 |
| 4 | 237/18-19 അമ്മായിക്കോട് എസ്.സി സാംസ്കാരിക നിലയം | 361260 (എസ്.സി.പി ഫണ്ട്) ബിൽ നം. 78/13.3.19 | ശ്രീ.റെജി. സി.ജെ 50/17-18/ 23.12.17 | 6 മാസം 23.12.17 | 18.02.19 എം. ബുക്ക് (59/18-19) കരാർ കാലാവധി കഴിഞ്ഞ് 17.11.18 നാണ് | ഒറിജിനൽ കാലാവധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ.സി തുക 457549. 04 രൂപയുടെ 3% | 13726 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | പ്രവൃത്തി തുടങ്ങിയത് | | | | |
| 5 | 211/18-19 ഫോറസ്റ്റ് ഓഫീസ് വെള്ളമറ്റം റോഡ് അഭിവൃദ്ധി പ്പെടുത്തൽ | 300000 (തനത് ഫണ്ട്) ബിൽ നം. 3032807/ 26.3.19 | ശ്രീ. സിബി. എൻ.കെ 89/17-18/ 03.1.18 | 6മാസം 03.01.18 | 17.10.18 എം.ബുക്ക് (1/18-19) കരാർ കാലാവധി കഴിഞ്ഞ് 12.09.18 നാണ് പ്രവൃത്തി തുടങ്ങിയത് | ഒറിജിനൽ കാലാ വധിയുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ.സി തുക 300000 രൂപയുടെ 3% | 9000 |
| 6 | 242/18-19 കാട്ടിപ്പൊയിൽ കുടിവെള്ള പദ്ധതി അഭിവൃദ്ധി പ്പെടുത്തൽ പൈപ്പലൈൻ നീട്ടൽ | 209283 (ധനകാര്യ കമ്മീഷൻ അവാർഡ്) ബിൽ നം80/19.03.19 | ശ്രീ.തോമസ്. എ.വി .73/ 17-18/23.12.18 | 6 മാസം 23.12.18 | 15.11.18 എം.ബുക്ക് (58/17-18) കരാർ കാലാവധി കഴിഞ്ഞ് 02.11-18 നാണ് പ്രവൃത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ.സി തുക 249645 രൂപയുടെ 3% | 7489 |
| 7 | 205/18-19 മീമുട്ടി പുന്നക്കുട്ടി റോഡ് അഭിവൃദ്ധി പ്പെടുത്തൽ | 400000 (എം.ജി.ആർ . ഫണ്ട്) ബിൽ നം. 64/13.03.19 | ശ്രീ.തോമസ്. എ.വി 74/17-18/ 23.12.17 | 6മാസം 23.12.17 | 30.11.18 എം.ബുക്ക് (122/17-18) കരാർ കാലാവധി കഴിഞ്ഞ് 05.10.18 നാണ് പ്രവൃത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ.സി തുക 400000 രൂപയുടെ 3% | 12000 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| | | | | | | | ആകെ | 63090 |

മേൽ പ്രവൃത്തികളിൽ എഗ്രിമെന്റിനോടൊപ്പം പ്രവൃത്തി കലണ്ടർ ഇല്ല. ടിഎസ് സ്ലിപ്പ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരണ കാലാവധിയാണ് ചേർത്തിട്ടുള്ളത്.

മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്ത വണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരാമവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇവിടെ എല്ലാ പ്രവൃത്തികളിലും ദീർഘീകരണം 50% ലും കൂടുതലാണ്. വളരെയധികം കാലം കഴിഞ്ഞാണ്. പ്രവൃത്തി ആരംഭിയ്ക്കുന്നത്. ഇങ്ങനെ പ്രവൃത്തി പൂർത്തീകരിയ്ക്കുന്നതിന് വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെ യാതൊരു നടപടികളും സ്വീകരിയ്ക്കുന്നില്ല. ഇത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാകാതിരിക്കുന്നതിനും സ്പിൽ ഓവർ ആകുന്നതിനും ഫണ്ട് നഷ്ടമാകുന്നതിനും ഇടയായിട്ടുണ്ട്

സെക്ഷൻ 2005 പ്രകാരം സൈറ്റ് കൈമാറുന്ന തീയതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. പ്രവൃത്തികളിലൊന്നും തന്നെ കാലയളവ് ദീർഘീകരണത്തിന് കരാറുകാർ എ.ഇ മുഖേന അപേക്ഷിച്ചിട്ടില്ല. പൂർത്തീകരണ കാലാവധി സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്യാത്തതിനും, ദീർഘീകരണം ലഭ്യമാകാതെ പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം വരുത്തിയ കരാറുകാരനെതിരെ നടപടിയൊന്നും എടുക്കാതെ ഫൈനൽ ബിൽ തുക നൽകുന്നതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. എടുക്കാതെ ഫൈനൽ ബിൽ തുക നൽകുന്നതിനും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (26/18-19) ലഭ്യമാക്കിയ മറുപടിയിൽ കഴിഞ്ഞ 2 കാലവർഷങ്ങളിലുണ്ടായ പ്രകൃതിക്ഷോപങ്ങളോടനുബന്ധിച്ച പ്രവർത്തനങ്ങൾ കാരണമാണ് രേഖാമൂലം പ്രവൃത്തി കാലാവധി ദീർഘിപ്പിച്ച് നൽകാൻ സാധിക്കാതിരുന്നത് എന്ന മറുപടി തൃപ്തികരമല്ല. കാരണം മേൽ പരാമർശിച്ച പ്രവൃത്തികൾക്കായി സ്ഥലം കൈമാറിയിട്ടുള്ളത് 12/2017, 1/2018, 12/2018 എന്നീ മാസങ്ങളിലാണ്. പിഴയിനത്തിൽ ഈടാക്കേണ്ട 63,090/- രൂപ പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

## 3-2 കരാർ വയ്ക്കുന്നതിന് കാലതാമസം - കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല

ജി.ഒ(പി)13/2012/പിഡബ്ല്യുഡി/1.2.12 പ്രകാരമുള്ള പൊതുമരാമത്ത് മാന്വൽ പ്രകാരം പൊതുമരാമത്ത് പ്രവർത്തികൾക്ക് ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തീയതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് പിഎസി യുടെ 1% പിഴ ഈടാക്കിക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇഎംഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധനകളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇവിടെ പ്രവൃത്തി ഫയലുകളിലധികവും സെലക്ഷൻ നോട്ടീസ് വച്ചിട്ടില്ലാത്തതിനാൽ സമയബന്ധിതമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിയ്ക്കാനായിട്ടില്ല. പ്രൈസ് സോഫ്റ്റ്‌വെയറിൽനിന്ന് പകർപ്പെടുത്ത്

പരിശോധിച്ച താഴെ പറയുന്ന പ്രോജക്ടുകളിൽ കരാർ പ്രവൃത്തികൾക്കായി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ചിട്ടുള്ളത്.

| ക്രമ നം | പ്രോജക്ട് | സെലക്ഷൻ നോട്ടീസ് തിയതി | കരാർ വച്ച തിയ്യതി / കരാറുകാരൻ | പി എ സി യുടെ1% ഫൈൻ തുക |
|---|---|---|---|---|
| 1. | കാട്ടിപ്പൊയിൽ കുടിവെള്ള പദ്ധതി അഭിവൃദ്ധിപ്പെടുത്തൽ 242/19 (ബിൽ 80/ 18-19/ 19.03.19 , 209283/-) കരാർ തുക 2,49,645 | 29.11.2017 | AE/KDRY/73/17-8/ 23.12.17 ശ്രീ.എ.വി.തോമസ് | 2496 |
| 2 | അമ്മായിക്കോട് വനിതാ സാംസ്കാരിക നിലയം പൂർത്തീകരണം 237/19 (ബിൽ 78/18-19 13.03.19, 361260/-) കരാർ തുക 4,80,000 | 29.11.2017 | AE/KDRY/50/ 17-18/ 23.12.17 ശ്രീ.റജി.സി.ജെ | 4800 |
| 3 | മീമ്മുട്ടി പുന്നക്കുട്ടി റോഡ് അഭിവൃദ്ധിപ്പെടുത്തൽ 205/19 (ബിൽ 64/18-19 / 13.03.19, 400000/-) കരാർ തുക 4,00,000 | 29.11.2017 | AE/KDRY/74/17-18 23.12.17 ശ്രീ.എ.വി. തോമസ് | 4000 |
| | | | ആകെ | 11296 |

മേൽ പ്രവൃത്തികളിൽ കരാർ വയ്ക്കാൻ വൈകിയതിന് കാരണം കാണിക്കുകയോ ആയത് അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല. കൂടാതെ കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ച് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (23/18-19) ലഭ്യമാക്കിയ മറുപടിയിൽ തിരക്കിനിടയിൽ ശ്രദ്ധയിൽപ്പെടാത്തതിനാലാണ് കരാറുകാരനിൽനിന്ന് പിഴ ഈടാക്കാതിരുന്നതെന്നും ഈടാക്കാൻ നടപടി സ്വീകരിയ്ക്കുമെന്നും അറിയിച്ചിട്ടുണ്ട്. പിഴയിനത്തിൽ ഈടാക്കേണ്ടിയിരുന്ന 11,296/- രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

## 3-3 നെൽകൃഷി കൂലിചെലവ്, സബ്സിഡി അധികം തുക നൽകി.

പ്രൊജക്ട് നമ്പർ : 147/19

അടങ്കൽ : 400000/-
ചെലവ് : 388620/-

(ബിൽ നം.8/13.2.19 360400/-,ബിൽനം.9/13.3.19 28220/-)

ഒരു ഹെക്ടറിന് 17000/- രൂപ നിരക്കിൽ കർഷകർക്ക് കൃഷി ചെലവിനുള്ള കൂലി നൽകുന്നതാണ് പദ്ധതി. ഫയൽ പരിശോധിച്ചതിൽ താഴെ കാണിച്ചവർക്ക് നിശ്ചിത നിരക്കിലും അധികം കൂലി നൽകിയതായി കാണുകയുണ്ടായി.

| പേര് | സ്ഥലം വിസ്തൃതി | അനുവദിക്കേണ്ട തുക | അനുവദിച്ച തുക | അധികം നൽകിയത് |
|---|---|---|---|---|
| ഷൈനി ഷാജി | 1 ഏക്കർ | 6880 | 10200 | 3320 |
| സജി.വി.ഡി | **70 സെൻറ്** | 4818 | 6800 | 1982 |
| ബിബിൻ.കെ.കെ | 2.86 ഏക്കർ | 19684 | 23800 | 4116 |
| ആകെ | | | | 9418 രൂപ |

കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണത്തിന് ആനുപാതികമായല്ല മേൽകാണിച്ചവർക്ക് തുക അനുവദിച്ചത്. അധികം നൽകിയ തുക തിരിച്ചടവാക്കേണ്ടതാണ്.

ഹരിത കേരളം പദ്ധതിയുമായി സംയോജിപ്പിച്ച് കാർഷിക മേഖലയിലെ പദ്ധതികൾ ഓഡിറ്റ് വർഷം നടപ്പിലാക്കിയതായി കാണുന്നില്ല. കാർഷിക കർമ്മ സേന രൂപീകരിച്ച് ആയതിന്റെ നെൽകൃഷി കൂലി ചെലവ്, സബ്സിഡി – അധികം തുക നൽകി. പ്രവർത്തനവും ഓഡിറ്റ് വർഷം നടന്നതായി കാണുന്നില്ല. കൃഷിയുമായി ബന്ധപ്പെട്ട് വളം വിതരണം, വിത്തു വിതരണം, തുടങ്ങിയ ജനറൽ പ്രൊജക്ടുകൾക്കുള്ള ചെലവുകൾ മാത്രമാണ് തൻവർഷവും നടന്നു കാണുന്നത്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ: 9/19, 30/01/2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

കൃഷിഭൂമി വികസിപ്പിച്ച് നൂതന കൃഷി രീതികളും വിളവുകളും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട സ്റ്റാൻറിംഗ് കമ്മിറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 11.07.2019 മുതൽ 12.07.2019 വരെ | കെ.എസ്.എ.കെ.കെ.ഡി/ഇ-2/ 887/2019(27)/03.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2018-19 | 125000 | മുട്ടഗ്രാമം | 106250 | 18750 |
| ജില്ലാപഞ്ചായത്ത് | 2018-19 | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 300000 | 0 |
| ടി | 2018-19 | 490908 | ലൈഫ് മിഷൻ | 490908 | 0 |

| | | | | | |
|---|---|---|---|---|---|
| | | | ഭവനനിർമ്മാണം (ജനറൽ) | | |
| ടി | 2018-19 | 76015 | ലൈഫ് മിഷൻ ഭവനനിർമ്മാണം (SC) | 0 | 76015 |
| ടി | 2018-19 | 32258 | ലൈഫ് മിഷൻ ഭവനനിർമ്മാണം (ST) | 32258 | 0 |
| ടി | 2018-19 | 1000000 | ക്ഷീര സംഘങ്ങളിലെ പാലിന് സബ്സിഡി | 1000000 | 0 |
| ടി | 2018-19 | 250000 | ക്ഷീരഗ്രാമം | 250000 | 0 |
| കൊടുവള്ളി ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 1102000 | ലൈഫ് മിഷൻ ഭവനനിർമ്മാണം (ജനറൽ) | 1102000 | 0 |
| ടി | 2018-19 | 120000 | ലൈഫ് മിഷൻ ഭവനനിർമ്മാണം (SC) | 0 | 120000 |
| ടി | 2018-19 | 68000 | ലൈഫ് മിഷൻ ഭവനനിർമ്മാണം (ST) | 68000 | 0 |
| ടി | 2018-19 | 190572 | ശാരീരിക മാനസിക വെല്ലുവിളി | 190572 | 0 |

| | | | | | |
|---|---|---|---|---|---|
| | | | നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | | |
| ടി | 2018-19 | 1700000 | ക്ഷീര സംഘങ്ങളിലെ പാലിന് സബ്സിഡി | 1700000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 2370167.75/-രൂപ വരവുണ്ട്. അതിൽ 1718167/-രൂപ ഓഡിറ്റ വർഷം വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ഇ.എം.എസ്. ഭവനവായ്പ | നം.322/2010/ ത.സ്വ.ഭ.വ./ 29.01.2010 | 17410000 | 1000000 | 1000000 | 0 | 0 |
| ലൈഫ്മിഷൻ KURDFC HUDCO വായ്പ | | 2370167.75 | 0 | 0 | 0 | 2370167.75 |

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 587446 |
| തൻവർഷം നിക്ഷേപിച്ച തുക | 48464 |
| ആകെ | 635910 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 635910 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കെ.ഡി.സി.ബാങ്ക്, കോടഞ്ചേരി | 30.06.2018 | 1 വർഷം | 368823 | |
| 2 | കെ.ഡി.സി.ബാങ്ക്, കോടഞ്ചേരി | 27.09.2018 | 1 വർഷം | 267087 | |
| ആകെ | | | | 635910 | |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 24 | 2003-04 | 11.13.5.4 (പൊതു പരാമർശം) | മൈത്രി ഭവനപദ്ധതി | |
| 1997-98 | 45 | 2003-04 | 11.13.7.8 (പൊതു പരാമർശം) | നികുതി പിരിവിൽ അലംഭാവം | |
| 1998-99 | 19 | 2003-04 | ടി | ടി | |
| 2010-11 | 3-11 | 2011-12 | 3.3.6, 3.3.12 (അവലോകനം) | അങ്കണവാടികളുടെ ഭൗതിക സാഹചര്യം | |
| 2011-12 | 4.1.1. | 2013-14 | 6-4 | തെരുവു വിളക്ക് | |

| | | | | | |
|---|---|---|---|---|---|
| 2012-13 | | | (അവലോകനം) | സംരക്ഷണം | |
| പ്രവർത്തനക്ഷമതാ റിപ്പോർട്ട് | | 2013-14 | 6.4.1 (അവലോകനം) | തെരുവു വിളക്ക് സ്ഥാപിച്ചതിന് രേഖകളില്ല | |
| പ്രവർത്തനക്ഷമതാ റിപ്പോർട്ട് | | 2015-16 | 3.7.6 | കൃഷി, മൃഗസംരക്ഷണം, പദ്ധതി നിർവ്വഹണം- ധനവിനിയോഗ കാര്യക്ഷമത | |
| പ്രവർത്തനക്ഷമതാ റിപ്പോർട്ട് | | 2015-16 | 3.7.13 | പദ്ധതി മാർഗ്ഗരേഖ അവഗണിച്ചു | |
| 2015-16 | 2-3 | 2016-17 | അനുബന്ധം -5 | തൊഴിൽ നികുതി അപാകതകൾ | |

## **4-9** ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല.

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 11,70,86,922 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 9,71,49,907 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 83,804 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 23,67,927 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 63090 | പ്രദീപ് കുമാർ.പി, അസി.എഞ്ചിനീയർ |
| 3-2 | | 11296 | പ്രദീപ് കുമാർ.പി, അസി.എഞ്ചിനീയർ |
| 3-3 | | 9418 | കെ.എ.ഷബീർ അഹമ്മദ് കൃഷി ഓഫീസർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 458347 | ശ്രീമതി.ജമീല.പി |

| | | |
|---|---|---|
| | | ICDS സൂപ്പർവൈസർ |
| 1-21 | 1100000 | ശ്രീമതി. റെജിമോൾ ജോർജ്ജ്,<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 1-22 | 59580 | ശ്രീ.ബാബു.വി.പി,<br>അസി.സെക്രട്ടറി |
| 1-25 | 250000 | ശ്രീ.ബാബു.വി.പി,<br>അസി.സെക്രട്ടറി |
| 1-32 | 500000 | ശ്രീ.ജോയ് അബ്രഹാം,<br>ഹെഡ്മാസ്റ്റർ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പ്രദീപ് കുമാർ.പി<br>അസി.എഞ്ചിനീയർ | റിട്ടയേർഡ് | കിഴക്കേടത്ത് വീട്,<br>കിഴക്കോത്ത് (പി.ഒ)<br>കോഴിക്കോട് -673572 |
| ശ്രീമതി.റെജിമോൾ ജോർജ്ജ്, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ യൂണിറ്റ്,<br>കൊടുവള്ളി ബ്ലോക്ക്,<br>മിനി സിവിൽ സ്റ്റേഷൻ,<br>താമരശ്ശേരി | പനന്തോട്ടത്തിൽ വീട്,<br>മീമുട്ടി (പി.ഒ)<br>കോടഞ്ചേരി |

| | | |
|---|---|---|
| ശ്രീ.ബാബു.വി.പി,<br>അസി.സെക്രട്ടറി | | വേങ്ങപുരത്ത് വീട്,<br>ആനയാംകുന്ന്,<br>കുമാരനെല്ലൂർ (പി.ഒ),<br>മുക്കം - 673613 |
| ശ്രീ.ജോയ് അബ്രഹാം,<br>ഹെഡ്മാസ്റ്റർ | ജി.എൽ.പി.സ്കൂൾ,<br>മുറമ്പാത്തി | കലിട്ടുക്കിൽ വീട്,<br>വേനപ്പാറ (പി.ഒ)<br>ഓമശ്ശേരി - 673582 |
| ശ്രീ.കെ.എ.ഷബീർ അഹമ്മദ്<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>കൃഷിഭവൻ<br>കോടഞ്ചേരി | കപ്പലാട്ട് വീട്<br>തിരുവമ്പാടി (പി.ഒ)<br>കോഴിക്കോട് - 673 603 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.കെ.കെ.ഡി.പി3/ 256/2011(1) തീ.14.9.2011 | 1<br>(13) |
| 1997-98 | എൽ.എഫ്.കെ.കെ.ഡി.പി3/ 256/2011(2)തീ.14.9.2011 | 2<br>(40, 45) |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി3/ 256/2011(3)തീ.14.9.2011 | 3<br>( 15, 17, 19) |
| 1999-2000 | എൽ.എഫ്.കെ.കെ.ഡി.പി3/ 256/2011(4) തീ.15.9.2011 | 2<br>( 21, 25) |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി3/ 256/2011(5) തീ.15.9.2011 | 8<br>(2-1, 2-3, 2-4, 3-3, 3-4, 3-5, 3-7, 3-8) |

| | | |
|---|---|---|
| 2002-03 (വരവ്) | എൽ.എഫ്.കെ.കെ.ഡി.പി3/ 256/2011(6)തീ.15.9.2011 | 4 (2-1, 2-2, 2-4, 2-5) |
| 2002-03 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി.പി3/ 256/2011(6)തീ.15.9.2011 | 8 (2-1, 2-6, 2-11, 2-12, 2-13, 2-14, 2-15, 2-16) |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി3/ 256/2011(7)തീ.15.9.2011 | 5 (2-1, 2-2, 3-1, 3-2, 3-4) |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി3/ 256/2011(18)തീ.15.9.2011 | 1 (3-1) |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി3/ 256/2011(10) തീ.15.9.2011 | 6 (2-12, 3-6, 3-8, 3-16, 3-19, 3-22) |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി3/633/ 2012/തീ.27.6.2012 | 24 (2-1, 2-3, 2-4, 2-5, 2-6, 2-8, 2-9, 2-10, 2-13, 2-14, 2-15, 2-16, 2-17, 3-3, 3-4, 3-5, 3-6, 3-7, 3-9, 3-10, 3-12, 3-15, 4-2, 4-7) |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി3/ 332//2012/തീ.5.7.2012 | 19 (1-2, 2-4, 2-5, 2-6, 2-7, 2-8, 3-1, 3-6, 3-9, 3-11, 3-13, 3-14, 3-15,3-16, 3-17, 3-19(3), 3-23, 4-3, 4-7) |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി1/ 818//2012(1)/തീ.30.10.2013 | 13 (1-1, 2-2, 2-3, 2-4(2), 3-1, 3-2(a,b), 3-3, 3-4, |

| | | |
|---|---|---|
| | | 3-5, 3-6, 3-7(1,2),4-6, 4-7) |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി3/819/ 13/ തീ.18.10.2013 | 15 (1-1, 1-3, 2-1, 2-2, 2-3, 2-4, 3-3, 3-4, 3-5, 3-6, 3-7, 3-9, 3-10, 4-3, 4-6) |
| 2011-12 2012-13 | എൽ.എഫ്.കെ.കെ.ഡി.പി1/ 1464//2014/തീ.9.10.2014 | 10 (2-3(4), 3-1, 3-2, 3-3, 3-4, 3-7, 3-9, 3-10, 3-12, 3-13(1)) |
| 2013-14 2014-15 | എൽ.എഫ്.കെ.കെ.ഡി.പി13/ 247//2016/തീ.23.9.2016 | 15 (2-1, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-12, 3-13, 3-14, 3-15, 4-10) |
| 2015-16 | എൽ.എഫ്.കെ.കെ.ഡി.പി13/ 1818//2016/തീ.25.3.2017 | 14 (2-1, 3-1, 3-2, 3-3, 3-4 3-5, 3-6, 3-7, 3-9, 3-10, 3-11, 3-12, 3-13, 4-10) |
| 2016-17 | എൽ.എഫ്.കെ.കെ.ഡി.പി13/ 1742//2017/തീ.13.9.2017 | 39 (2-1, 2-2, 2-3, 2-4, 2-5, 2-6, 2-7,2-8, 2-9, 2-10,2-11, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, |

| | | |
|---|---|---|
| | | 3-20, 3-21, 3-22, 3-23, 3-24,<br>3-25, 3-26, 3-27, 4-9) |
| 2017-18 | എൽ.എഫ്.കെ.കെ.ഡി.പി16/838/<br>2019/13.8.2019 | 8<br>1-11(1), 1-11(4), 1-11(5),<br>1-11(7), 3-1, 3-2, 3-5, 3-6 |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോഴിക്കോട്**

# അനുബന്ധം.1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.കെ.കെ.ഡി/പ6/178/2020/ തിയതി: 26.02.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ [ഖണ്ഡിക 1-7 കാണുക] ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലഓഡിറ്റ് കാര്യാലയം, കോഴിക്കോട്**